പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 271

23.02.2011-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ

### ചോദ്യം

**ശ്രീ. സാജു പോൾ**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

**ശ്രീ. രാജു എബ്രഹാം**

**ശ്രീ. എ.സി.മൊയ്തീൻ**

(എ) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

### ഉത്തരം

ശ്രീ.ജി.സുധാകരൻ
(സഹകരണവും കയറും വകുപ്പു മന്ത്രി)

(എ) സഹകരണ മേഖലയിലെ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അഴിമതി ആരോപിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ചെയർമാനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കുകയും, അന്വേഷണ റിപ്പോർട്ടുകളിന്മേൽ നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

2. സഹകരണ സംഘത്തിൽ അഴിമതി / ക്രമക്കേടുകൾ തടയാൻ, സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ / വിശദ പരിശോധനകൾ നടന്നുവരികയും പരിശോധനാ വേളയിലും ഓഡിറ്റ് വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിന്മേൽ വിശദ പരിശോധനകളും നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ / സഹകരണ നിയമപ്രകാരമുള്ള നടപടികൾ അടക്കമുള്ള മേൽ നടപടികൾ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ചു വരികയും ചെയ്യുന്നു. ക്രമക്കേടുകൾക്ക് ഭരണ

സമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ഭരണസമിതിയ്ക്കെതിരെ കേരള സഹകരണ നിയമം / ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

3. അഴിമതി തടയുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ സഹകരണ വിജിലൻസ് വിഭാഗം രൂപീകരിക്കുകയും പ്രസ്തുത വിജിലൻസ് വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ മേഖല ഓഫീസുകളും പ്രവർത്തിച്ചു വരുകയും സഹകരണ വിജിലൻസിനു നൽകുന്ന പരാതികളിൽ സമഗ്രമായ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ടുകൾ രജിസ്ട്രാർക്ക് സമർപ്പിക്കുന്നതു പ്രകാരം ആവശ്യമായ നിയമാനുസൃത മേൽ നടപടികൾ രജിസ്ട്രാർ തലത്തിലും, ജോയിന്റ് രജിസ്ട്രാർ തലങ്ങളിലും സ്വീകരിക്കുകയും ചെയ്യുന്നു.

4. സഹകരണ സംഘങ്ങളുടെ മേഖലയിലെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനും അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ യഥാസമയം കണ്ടുപിടിക്കുന്നതിന്റെയും ഭാഗമായി പ്രത്യേക ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റിനെ നിയമിക്കുന്നതിന് 1969 ലെ കേരള സംസ്ഥാന സഹകരണ നിയമം 2000 ലെ ഭേദഗതി നിയമം വകുപ്പ് 63(എ) ആയി വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ആയതിന് 5.6.2007 മുതൽ പ്രാബല്യം നൽകി വിജ്ഞാപനം പുറപ്പെടുവിച്ച് 27.5.2008 ന് ജി.ഒ.(എം.എസ്.)126/08 നമ്പർ ഉത്തരവ് പ്രകാരം പ്രത്യേകം ഓഡിറ്റ് വിഭാഗം രൂപീകരിക്കുകയും, ഇൻഡ്യൻ ആഡിറ്റ് & അക്കൗണ്ട്സ് സർവ്വീസിലോ ഐ.എ.എസ്. റാങ്കിലോ ഉള്ള ഒരു ഉദ്യോഗസ്ഥനെ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ആയി നിയമിക്കുന്നതിന് സഹകരണ ചട്ടത്തിൽ വ്യവസ്ഥ ചെയ്ത് ഐ.എ.എസ്. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ആയി നിയമിച്ച്

— — — — — — —

| | | |
|---|---|---|
| | | ഓഡിറ്റ് ഡയറക്ടറുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു പ്രകാരം സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനും ക്രമക്കേടുകൾ യഥാസമയം കണ്ടു പിടിക്കുന്നതിനും കഴിയുന്നു. കൂടാതെ ഓഡിറ്റ് സമകാലീനമാക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘം രജിസ്ട്രാറുടെ പൊതു നിയന്ത്രണത്തിൽ ഓഡിറ്റ് വിഭാഗം പ്രത്യേക വിഭാഗമാക്കിയിട്ടുണ്ട്.<br><br>5. ഇതിനു പുറമെ ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാകുന്നു.<br><br>6. കൂടാതെ സഹകരണ സംഘങ്ങളുടെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ച അന്വേഷണത്തെ തുടർന്ന് എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തു; | (ബി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികൾ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ തുടർച്ചയായി 47 കേസുകൾ വിജിലൻസ് അന്വേഷണത്തിന് വകുപ്പ് തലത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (സി) | സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനു ശേഷം എത്ര പരാതികൾ വിജിലൻസ് ആഫീസർക്ക ലഭിച്ചു, ഇതിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തിയാക്കി; | (സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനു ശേഷം 201 പരാതികൾ സഹകരണ വിജിലൻസ് ഓഫീസർക്ക് അന്വേഷണത്തിനായി നൽകിയിട്ടുണ്ട്. ടി പരാതികളിൽ സഹകരണ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി സഹകരണ സംഘം രജിസ്ട്രാർക്ക് 89 റിപ്പോർട്ടുകൾ സമർപ്പിട്ടിട്ടുണ്ട്. ലഭിച്ച റിപ്പോർട്ടുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ /ജോയിന്റ് രജിസ്ട്രാർ തലത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 27.5.2008 ലെ ജി.ഒ.(എം.എസ്) നം.126/2008/സഹ നമ്പർ ഉത്തരവ് പ്രകാരം ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും സഹകരണ വകുപ്പിനെ ഓഡിറ്റ് വിഭാഗവും, ജനറൽ വിഭാഗവുമായി രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രത്യേക വിഭാഗങ്ങളാക്കി സ.ഉ. (എം.എസ്) നം. 24/2011/സഹ തീയതി 16.2.2011 ആയി ഇതിനകം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 272 — 23.02.2011 ൽ മറുപടിക്ക്

### <u>പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) പരിയാരം മെഡിക്കൽ കോളേജിൽ പുതുതായി 6 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള അനുമതി മെഡിക്കൽ കൗൺസിലിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കോഴ്സുകൾ ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കും. വിവിധ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റ് 100-ൽ നിന്ന് 150 ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പാരാമെഡിക്കൽ വിഭാഗത്തിൽ 3 പുതിയ കോഴ്സുകൾ ആരംഭിച്ചു. |
| ബി) ഇവിടെ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) മെഡിക്കൽ കോളേജിലെ ഓരോ കോഴ്സുകളുടെയും ആയതിന്റെ സീറ്റുകളേയും സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| Sl.No | Courses | No. of Seats |
|---|---|---|
| 1 | M.B.B.S | 100 |
| 2 | B.Sc., MLT | 25 |
| 3 | D.M.L.T. | 30 |
| 4 | D.R.T | 30 |
| 5 | D.C.V.T | 15 |
| 6 | D.O.T.T | 15 |
| 7 | D.D.T | 6 |

<u>പോസ്റ്റ് ഗ്രാഡ്വേഷൻ കോഴ്സ്</u>

| Sl.No | Courses | No. of Seats |
|---|---|---|
| 1 | MD-General Medicine | 4 |
| 2 | MD-Dermatology | 1 |
| 3 | MD-Paediatrics | 1 |
| 4 | MS-ENT | 1 |
| 5 | DCH- Paediatircs | 1 |
| 6 | DLO-ENT | 1 |
| 7 | DDVL-Dermatology | 1 |
| 8 | MS-Ortho Paedics | 2 |

— — — — — — —

| | | |
|---|---|---|
| 9 | D-Ortho | 2 |
| 10 | Diploma-OB-GYN | 2 |
| 11 | MD-Physiology | 2 |
| 12 | MD-Community Medicine | 2 |
| 13 | MD-Microbiology | 1 |
| 14 | General Surgery - MS | 2 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മെഡിക്കൽ കോളേജിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

1. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അടുത്ത 5 വർഷത്തേയ്ക്കുള്ള സ്ഥിരാംഗീകാരം നേടിയെടുക്കുകയും പുതിയതായി 6 വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കി.
2. ഡന്റൽ കൗൺസിലിന്റെ സ്ഥിരാംഗീകാരം ഡന്റൽ കോളേജിൽ നേടിയെടുത്തു. നിലവിലുള്ള 50 സീറ്റ് 60 സീറ്റായി വർദ്ധിപ്പിച്ചു.
3. ഫാർമസി കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു.
4. നേഴ്സിംഗ് കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിച്ചു.
5. ജനറൽ നേഴ്സിംഗിൽ 35 സീറ്റ് 50 സീറ്റായി വർദ്ധിപ്പിച്ചു.
6. പുതിയതായി 3 പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു.

അതോടൊപ്പം ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ പരാമർശിക്കുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

1. സഹകരണ നവരത്നം ലോട്ടറി ഫണ്ടിൽ നിന്നും നൽകിയ 1 കോടി രൂപ ഉപയോഗിച്ചുള്ള നെഫ്രോളജി യൂണിറ്റിന്റെ വിപുലീകരണം പൂർത്തിയാക്കി.
2. നെഫ്രോളജി യൂണിറ്റിൽ ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യം ആവശ്യമായ ഉപകരണങ്ങളോടെ ഇരട്ടിയായി വർദ്ധിപ്പിച്ചു.
3. നിലവിലുള്ള കാത്ത് ലാബിന് പുറമെ അത്യാധുനിക സംവിധാനങ്ങളുള്ള പുതിയൊരു കാത്ത് ലാബ് കൂടി സ്ഥാപിച്ചു. ഹൃദയാലയയിൽ പുതിയതായി ഒരു എക്സിക്യൂട്ടീവ് ബ്ലോക്ക് ആരംഭിച്ചു.
4. പുതിയ സി.ടി സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു.
5. ആധുനിക സൗകര്യങ്ങളോടെ പുതിയ ഒരു ട്രോമാകെയർ - തീവ്ര പരിചരണ വിഭാഗം ആരംഭിച്ചു.
6. അത്യാഹിത വിഭാഗം നവീകരിച്ചു,

7. പുതിയതായി ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം ആരംഭിച്ചു.
8. യൂറോളജി വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങളും വിദഗ്ധ ഡോക്ടറെയും ഏർപ്പെടുത്തി.
9. പൂർണമായും ഓട്ടോമാറ്റിക് സംവിധാനങ്ങളോടുകൂടിയ ക്ലിനിക്കൽ ലാബ് നവീകരിച്ചു.
10. പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു.
11. ന്യൂറോ സർജറി വിഭാഗത്തിൽ പുതിയ ന്യൂറോ സർജൻമാരെ നിയമിച്ച് 24 മണിക്കൂറും ന്യൂറോ സർജറി വിഭാഗം പ്രവർത്തന ക്ഷമമാക്കി.
12. ദന്തചികിത്സാ വിഭാഗത്തിൽ അത്യാധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി വിപുലീകരിച്ചു.
13. പവർ ലോൺട്രിയിൽ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി.
14. പുതിയതായി രണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഏറ്റെടുത്ത് സ്ഥാപനത്തിന്റെ ഡോക്ടർമാരുടെ സേവനം നൽകി വരുന്നു.

| | | | |
|---|---|---|---|
| ഡി) | ഇപ്പോൾ ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നു; | ഡി) | കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, യൂറോളജി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ, കാൻസർ & ഓങ്കോളജി, പീഡിയാട്രിക് സർജറി, മാക്സിലോ ഫേഷ്യൽ സർജറി എന്നീ സൂപ്പർ സ്പെഷ്യാലിറ്റികൾ ഇപ്പോൾ പ്രവർത്തിക്കുന്നു. |
| ഇ) | ആശുപത്രിയുടെ വികസനത്തിനായി ഏതെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | ഇ) | ആശുപത്രിയുടെ വികസനത്തിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

1. അത്യാധുനിക സൗകര്യങ്ങളോട് കൂടി പുതിയ ആക്സിഡന്റ് ആന്റ് ട്രോമോ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും-
2. ആശുപത്രിയിലെ ഫാർമസിയിൽ മരുന്നുകളുടെ വിൽപ്പന നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കുന്നതിന് കൂടുതൽ യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും-
3. കാർഡിയോളജി യൂണിറ്റിൽ പീഡിയാട്രിക് സർജറി വിഭാഗം ആരംഭിക്കുന്നതിനും-
4. മൈക്രോവാസ്കുലർ സർജറി വിഭാഗം ആരംഭിക്കുന്നതിനും-
5. വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടാതെ വി.ഐ.പി. സ്യൂട്ട് ഉൾപ്പെടെയുള്ള സ്പെഷ്യൽ വാർഡുകൾ ആരംഭിയ്ക്കുന്നതിനുള്ള പ്രവർത്തനവും-
6. നെഫ്രോളജി, യൂറോളജി വിഭാഗങ്ങളെ സംയോജിപ്പിച്ച് വൃക്ക മാറ്റി വയ്ക്കൽ സർജറി ഉൾപ്പെടെയുള്ളവ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

17-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 273 — 23-02-2011 - ൽ മറുപടിക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പു മന്ത്രി |
| (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ/ആശ്രമം/ഏകലവ്യ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്വന്തം കെട്ടിടത്തിലും 3 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകൾ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ സ്കൂളുകളിലും കൂടുതൽ സ്ഥലസൗകര്യം ഏർപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അവയുടെ വിശദ വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br><br>സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. 9 സ്കൂളുകളിൽ ഈ സർക്കാരിന്റെ കാലത്ത് ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഭരണപരമായ തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുന്നതിന് എം.ആർ.എസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു മാനേജിംഗ് കമ്മിറ്റിയേയും ഓരോ സ്കൂളിന്റെയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും സ്ഥലം എം.എൽ.എ ചെയർമാനായി ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് സ്കൂൾ തലവന്മാർ, മാനേജർ, സൂപ്രണ്ട് എന്നിവരുടെ സാമ്പത്തിക അധികാരം വർദ്ധിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളെ കുറിച്ചുള്ള വിശദവിവരം അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്. |

— — — —

| | |
|---|---|
| (ബി) അടുത്ത അദ്ധ്യയന വർഷം പുതുതായി റെസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അടുത്ത അദ്ധ്യയന വർഷം കാസർഗോഡ് മഞ്ചേശ്വരം (കന്നട മീഡിയം), കണ്ണൂരിലെ പെരിങ്ങോം എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) എത്ര സ്ക്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം ആരംഭിച്ചിട്ടുണ്ട്; | (സി) 23 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലും സ്മാർട്ട് ക്ലാസ് റൂം ആരംഭിച്ചിട്ടുണ്ട്. |

........(3)

(ഡി) റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് സർക്കാർ വിവിധ ഇനങ്ങളിൽ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഇവ വർദ്ധിപ്പിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അന്തേവാസികൾക്ക് മെസ് ചാർജ്ജ് ഉൾപ്പെടെയുള്ള അലവൻസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | ക്ലാസ് | തുക (രൂ) |
|---|---|---|
| മെസ് ചാർജ്ജ് | 5-10<br>11-12 | 1,300/-<br>1,500/- |
| യൂണിഫോം അലവൻസ് | 1-7<br>8-12 | 1,500/-<br>2,000/- |
| വാഷിംഗ് അലവൻസ് | 1-10<br>11-12 | 90/-<br>100/- |
| സോപ്പ്, എണ്ണ | 1-10<br>11-12 | 50/-<br>75/- |
| ടൗവ്വൽ, കണ്ണാടി, ചീപ്പ് | 1-10<br>11-12 | 70/-<br>100/- |
| മെഡിക്കൽ അലവൻസ്<br>(പ്രതിമാസം ഒരു കുട്ടിക്ക്) | | 50/- |
| ബുക്ക് സ്റ്റേഷനറി<br>(പ്രതിവർഷം) | 1-7<br>8<br>9<br>10 | 350/-<br>500/-<br>700/-<br>900/- |
| മുടി വെട്ടിക്കുന്നതിന്<br>(പ്രതിമാസം ഒരു കുട്ടിക്ക്) | | 15/- |
| സ്പോർട്ട്സ് ഉപകരണങ്ങൾ<br>(പ്രതിവർഷം) | ഹൈസ്കൂൾ വരെ<br>11-12 | 3,000/-<br>6,000/- |

യൂണിഫോം അലവൻസ് പ്രതിവർഷം 3,000/- രൂപയാക്കാനും, ബുക്കുകളും, സ്റ്റേഷനറികളും വാങ്ങാനുള്ള അലവൻസ് 60 ശതമാനവും, മറ്റ് അലവൻസുകൾ 50 ശതമാനവും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്ക് വീട്ടിൽ പോയി വരുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും യാത്രാബത്തയായി 2-ാം ക്ലാസ് ട്രെയിൻ ചാർജ്ജ് / യഥാർത്ഥ ബസ് ചാർജ്ജ് നൽകിവരുന്നു. ശ്രീ. അയ്യങ്കാളി

......(4)

മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് യൂണിഫോം, സ്കൂൾ യൂണിഫോം, ഹോസ്റ്റൽ ഡ്രസ്, പോക്കറ്റ് മണി (70/- രൂപ), മെസ് ചാർജ്ജ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ആയതിൽ പ്രതിദിന മെസ് ചാർജ്ജ് 40/- രൂപയിൽ നിന്നും 75/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ദൈനംദിന കായിക പരിശീലനത്തിനുള്ള സ്പോർട്ട്സ് യൂണിഫോം ഒരു ജോഡിയിൽ നിന്നും 3 ജോഡിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കായിക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ക്യാഷ് അവാർഡുകൾ, മെഡലുകൾ എന്നിവ നൽകി അനുമോദിക്കാറുമുണ്ട്.

(ഇ) സ്ക്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സ്പോർട്ട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം വർദ്ധിപ്പിച്ച് നൽകുമോ?

(ഇ) സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഹൈസ്കൂൾ ക്ലാസ് വരെ 3,000/- രൂപയും, 11-12 ക്ലാസ്സുകളിൽ 6,000/- രൂപയും നൽകി വരുന്നു. ഇത് 10,000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പത്രങ്ങളും.ആനുകാലികങ്ങളും വാങ്ങുന്നതിന് 1,500/- രൂപ വീതം നൽകുന്നതാണ്. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളിൽ പ്രമുഖ ദിനപത്രങ്ങളും, പ്രസിദ്ധീകരണങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. സ്പോർട്ട്സ് സ്കൂളിൽ വിദ്യാർത്ഥികളുടെ പരിശീലനത്തിന് ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങി നൽകി വരുന്നുണ്ട്. ടി ഇനത്തിൽ മതിയായ ധനസഹായം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 274 — 23-02-2011 -ൽ മറുപടിക്ക്.

## മയക്കുമരുന്നു കലർത്തിയ വസ്തുക്കൾ

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. സി. രാമൻ<br>" പി. കെ. അബ്ദുറബ്ബ്<br>" വി. കെ. ഇബ്രാഹിം കുഞ്ഞ്<br>" കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മയക്കുമരുന്നു കലർത്തിയ പാൻമസാലകൾ, ച്യൂയിംഗം പോലുള്ള മിഠായികൾ എന്നിവ മാർക്കറ്റിൽ പ്രചരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇത്തരം വസ്തുക്കൾ കണ്ടെത്തുന്നതിനും, കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി നിർദ്ദേശങ്ങളെന്തെങ്കിലും നൽകിയിട്ടുണ്ടോ; | (ബി) | മയക്കുമരുന്നു കലർത്തിയ വസ്തുക്കൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികളെടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയാൽ, എൻ.ഡി.പി.എസ്., അബ്കാരി ആക്ട് എന്നിവ പ്രകാരം നടപടികൾ എടുക്കുന്നതാണ്. |
| (സി) | മയക്കുമരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്താൻ എക്സൈസ് വകുപ്പിന് കീഴിൽ ലബോറട്ടറി സംവിധാനം നിലവിലുണ്ടോ; എങ്കിൽ അവിടെ നടക്കുന്ന പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (സി) | എക്സൈസ് വകുപ്പിന് കീഴിൽ പ്രത്യേക ലബോറട്ടറി ഇല്ല. |
| (ഡി) | ഡോക്ടറുടെ കുറിപ്പടി പ്രകാരം ചികിത്സാ ആവശ്യത്തിനുമാത്രം മെഡിക്കൽ സ്റ്റോറുകൾ വഴി നൽകേണ്ട മരുന്നുകൾ പാൻമസാലകളിലും മിഠായികളിലും ചേർത്ത്, സ്കൂൾ കോളേജ് പരിസരങ്ങളിൽ വിറ്റഴിക്കുന്ന പ്രവണത നിരീക്ഷിക്കാനും, തടയാനും എക്സൈസ് വകുപ്പ് എന്തെങ്കിലും നടപടി സ്വികരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | മയക്കുമരുന്നിന്റെയും അവ കലർത്തിയിട്ടുള്ള വസ്തുക്കളുടേയും ശേഖരണം, കടത്ത്, വിപണനം എന്നിവ സംബന്ധിച്ച് നിരീക്ഷിക്കാനും, അനുയോജ്യമായ വകുപ്പുകൾ പ്രകാരം കർശനമായ നിയമ നടപടികൾ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 275

23.2.2011 ൽ മറുപടിയ്ക്ക്

**'ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജ്'**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. കാർത്തികേയൻ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദീകരിക്കുമോ ; | (എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷി മേഖല കേന്ദ്രീകരിച്ച് ഈ സാമ്പത്തിക വർഷം 1590.93 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുകയും പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്. 31/1/2011 വരെയുള്ള പുരോഗതി അവലോകനം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പാക്കേജിനായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചത് ; | (ബി) നടപ്പു സാമ്പത്തിക വർഷം നെൽകൃഷി മേഖല കേന്ദ്രീകരിച്ച് 1590.93 ലക്ഷം രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (സി) ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ എന്ത് തുക ചെലവഴിച്ചു ; | (സി) 31/1/2011 വരെ നെൽകൃഷി മേഖലയിൽ 442.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്ന ബജറ്റ് വിഹിതത്തിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും എന്ത് തുക പ്രസ്തുത പദ്ധതിക്കായി ഇതുവരെ ചെലവഴിച്ചു ; | (ഡി) 31/1/2011 വരെ 1206 ലക്ഷം രൂപ ചെലവഴിച്ചു. |
| (ഇ) പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ നെൽകൃഷി മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. |

നെൽകൃഷി മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കുക വഴി ജലസേചന നിർഗമന സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും അതിലൂടെ കൂടുതൽ സ്ഥലത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കുവാനും നെല്ലിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു. പ്രധാന നെൽകൃഷി മേഖലകളായ കുട്ടനാട്ടിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനവും പാലക്കാട് ഭക്ഷ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കോൾ മേഖലയിൽ ഭൂവികസന കോർപ്പറേഷൻ വഴി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

തൊഴിലാളികളുടെ ക്ഷാമമാണ് നെൽകൃഷി മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണത്തിന് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ വളരെയധികം ഊന്നൽ നൽകുവാൻ ലക്ഷ്യമിടുന്നു. കുട്ടനാടൻ, പാലക്കാടൻ, വയനാടൻ നെൽകൃഷി മേഖലകളിൽ യന്ത്രവൽക്കരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇനിയുള്ള വർഷത്തിലും യന്ത്രവൽക്കരണത്തിന് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ ഉല്പാദനവും ഉല്പാദന ക്ഷമതയും കൈവരിക്കുന്നതിനായി പുതിയ നെൽവിത്തുകൾ വികസിപ്പിക്കുന്നതിനു വേണ്ട ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുവാൻ കേരള കാർഷിക സർവ്വകലാശാല മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം -
## നെൽകൃഷി മേഖല കേന്ദ്രീകരിച്ചുള്ള പദ്ധതികൾ.

| | പദ്ധതി | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം(രൂപ ലക്ഷം) |
|---|---|---|---|
| 1 | കര നെൽകൃഷി (ഹെ. 5000 രൂപ നിരക്കിൽ) | 6000 | 300 |
| 2 | സുഗന്ധ നെല്ലിനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തൽ (വയനാട് ജില്ല) | | |
| | 1) സുഗന്ധ നെല്ലിനങ്ങളുടെ ജൈവകൃഷി ( ഹെ. 10000 രൂപ നിരക്കിൽ) | 500 ഹെ. | 50 |
| | 2) നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം (35000 രൂപ /സെറ്റ്) | 10 സെറ്റ് | 35 |
| 3 | വനിതാ ഗ്രൂപ്പുകൾക്കുള്ള സാമ്പത്തിക സഹായം | | |
| | 1) തരിശുനില കൃഷി പദ്ധതി (ഹെ. 10000 രൂപ നിരക്കിൽ ) | 750 ഹെ. | 75 |
| | 2) [illegible] നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം (5555/രൂപ/[illegible]) | 450 യൂണിറ്റ് | 25 |
| 4 | പഞ്ചായത്തു തലത്തിൽ നെൽകൃഷി മേഖലയുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനുള്ള സാമ്പത്തിക സഹായം (PPPSRI) | 43 പഞ്ചായത്തുകൾ | 590 |
| 5 | കോഴിക്കോട് ജില്ലയിൽ ചെറുപുഴ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം | 100 ഹെക്ടർ | 15.93 |
| 6 | നെൽകൃഷി മേഖലയിൽ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി വിജയകരമായി നടപ്പിലാക്കിയ പദ്ധതിയുടെ മാതൃകയിലുള്ള പദ്ധതികളുടെ വ്യാപനം (വടക്കാഞ്ചേരി മാതൃക) | 12 ജില്ലകൾ | 500 |
| | ആകെ | | 1590.93 |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **276** | **23/2/2011**-ൽ മറുപടിക്ക്

# കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. എം.കെ.പുരുഷോത്തമൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കർഷക തൊഴിലാളി പെൻഷൻ 24 മാസം കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക 2006-2007 -ൽ കൊടുത്തു തീർത്തു. തുടർന്ന് പെൻഷൻ വിതരണം കുടിശ്ശികയില്ലാതെ നടന്നുവരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ കർഷക തൊഴിലാളി പെൻഷൻ നൽകുന്നതിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 211,48,11,000/- രൂപ വിനിയോഗിച്ച് മാർച്ച് 2011 വരെയുള്ള പെൻഷൻ നൽകുന്നതിനുള്ള തുക ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കർഷക തൊഴിലാളി പെൻഷൻ 01/4/2006 മുതൽ 120/- രൂപയും 01/4/2007 മുതൽ 130/- രൂപയും 01/4/2008 മുതൽ 200/- രൂപയും 01/4/2009 മുതൽ 250/- രൂപയും 01/4/2010 മുതൽ 300/- രൂപയുമായി വർദ്ധിപ്പിച്ച് നൽകി. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അതിവർഷാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ ധനസഹായമായി

114.9 കോടി രൂപ ബോർഡിന് അനുവദിച്ചുനൽകി. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ മാസം വരെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ക്ഷേമ പദ്ധതിയിൽ ചേർന്നിട്ട് 12 മാസത്തെയെങ്കിലും അംഗത്വകാലമുള്ള തൊഴിലാളി മരണമടഞ്ഞാൽ ആശ്രിതർക്ക് മരണാനന്തര സഹായമായി 2000/- രൂപ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ട അംഗങ്ങൾക്ക് കുടിശ്ശിക അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിന് 17/2/2011-ലെ സ.ഉ. (സാധാ.) 263/11/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ആറുമാസത്തെ സമയവും അനുവദിച്ച് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കർഷകത്തൊഴിലാളി നിയമം സർക്കാർ ഭേദഗതി ചെയ്തതിന്റെ ഫലമായി കർഷകത്തൊഴിലാളി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിനുവേണ്ടി ഭൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നതിനും ഒരു സാമ്പത്തിക വർഷത്തിൽ തൊഴിലാളികളിൽ നിന്നുള്ള അംശദായ തുകയ്ക്ക് തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നതിനുമായി 1974-ലെ കേരള കർഷക തൊഴിലാളി ആക്ട് ഭേദഗതി ചെയ്തു. ഭൂവുടമാ വിഹിതം ½ ഹെക്ടർ മുതൽ 1 ഹെക്ടർ വരെ 10/-രൂപയും 1 ഹെക്ടറിനു മുകളിൽ 15/- രൂപയും ആയിരുന്നത് 40 'ആറിന്' മുകളിൽ ഓരോ ആറിനും 25 പൈസ എന്ന നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ക്ഷേമ ആനുകൂല്യങ്ങളിലെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ക്ഷേമനിധിയിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് 2001 മുതൽ വിതരണം ചെയ്യാൻ കുടിശ്ശികയായിരുന്ന അതിവർഷാനുകൂല്യം നൽകുന്നതിനു വേണ്ടി 2009-2010, 2010-11 വർഷങ്ങളിലായി 114.9 കോടി രൂപ ബോർഡിന് |

ഗ്രാന്റായി അനുവദിച്ചു. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ 31 വരെയുള്ള അപേക്ഷകളിൽ അതിവർഷാനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ എത്ര കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകി വരുന്നു; ഈ സർക്കാർ വന്നശേഷം പെൻഷൻ ഇനത്തിൽ മൊത്തം എത്രകോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ഡി) ഇപ്പോൾ 5,43,144 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്. ഈ സർക്കാർ കർഷക തൊഴിലാളി പെൻഷൻ നൽകുന്നതിനു വേണ്ടി മൊത്തം 840,39,60,992/- (എണ്ണൂറ്റി നാൽപതു കോടി മുപ്പത്തിയൊമ്പതു ലക്ഷത്തി അറുപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടു രൂപ) അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 277 | 23-02-2011- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ അമിത രാസവസ്തു പ്രയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. പി.സി. ജോർജ് :<br>ശ്രീ. തോമസ് ചാഴികാടൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികരംഗത്തെ അമിതമായ രാസവസ്തു പ്രയോഗം കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകരേയും കൃഷിഭൂമിയേയും എത്രത്തോളം ദോഷകരമായി ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | എ) | മണ്ണിലും വെള്ളത്തിലും കാർഷിക ഉല്പന്നങ്ങളിലും കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവ എത്രത്തോളം ഉണ്ടാകുമെന്ന് അറിയുന്നതിനുള്ള പഠനങ്ങൾ കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്നു. |
| ബി) മണ്ണിനേയും മനുഷ്യനേയും വിഷലിപ്തമാക്കിക്കൊണ്ടിരിക്കുന്ന രാസ കൃഷി രീതികളിൽ നിന്ന് കർഷകസമൂഹത്തെ സ്വതന്ത്രമാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കാൻ കഴിഞ്ഞിട്ടുള്ളത് ; വ്യക്തമാക്കുമോ ; | ബി) | രാസക്കൃഷി രീതികളിൽ നിന്നും കർഷക സമൂഹത്തെ സ്വതന്ത്രമാക്കാൻ വിവിധ പദ്ധതികൾ കൃഷി വകുപ്പു നടപ്പിലാക്കുന്നുണ്ട്.<br>1. ജൈവ കൃഷി ഫാമിംഗ്<br>2. സംയോജിത കീടനിയന്ത്രണം മുതലായവ<br>സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, ബയോ ഫെർട്ടിലൈസർ ലാബ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ജൈവ കാർഷിക ഉൽപ്പാദനോപാദികൾ വിതരണം ചെയ്തു വരുന്നുണ്ട്.<br>മാത്രമല്ല അമിതമായ രാസകീടനാശിനിയുടെ ഉപയോഗം കുറയ്ക്കുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനികൾ വില്പന നടത്താവൂ എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| സി) കൃഷിയിൽ നിന്ന് രാസവസ്തുക്കളെ പൂർണ്ണമായി ഒഴിവാക്കുന്ന ജൈവ കൃഷി രീതി പ്രചരിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം വിജയിക്കാൻ സാധിച്ചു ; വിശദാംശങ്ങൾ നൽകുമോ ? | സി) | തൃശ്ശൂർ കോൾനിലങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. രാസവസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ജൈവ കാർഷിക നയത്തിന് |

സർക്കാർ രൂപം നൽകിക്കഴിഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

Ramlal

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 278 | 23/02/2011-ൽ മറുപടിക്ക്

### പട്ടികവിഭാഗക്കാർക്കുവേണ്ടിയുള്ള വികസന ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീമതി. കെ.കെ. ലതിക:
ശ്രീ. വി.ജെ. തങ്കപ്പൻ:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) പട്ടികവിഭാഗക്കാർക്കു വേണ്ടിയുള്ള വികസന ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഈ സർക്കാർ വന്ന ശേഷം ഉണ്ടായി ട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവിഭാഗക്കാർക്കായുള്ള വികസന പദ്ധതികൾക്ക് ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

(1) **പട്ടികജാതി വികസന വകുപ്പ്**

**പട്ടിക 1 - 2001-2006**

| പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗം | | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം | | |
|---|---|---|---|---|---|---|
| വർഷം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം |
| 2001-02 | 10,170.00 | 3,817.34 | 37.54 | - | - | - |
| 2002-03 | 16,973.30 | 16,883.67 | 99.47 | 26,850 | 9,400 | 35 |
| 2003-04 | 19,101.49 | 12,042.64 | 63.05 | 26,533 | 22,378 | 84.34 |
| 2004-05 | 18,180.89 | 11,849.72 | 65.18 | 28,520 | 19,027 | 66.71 |
| 2005-06 | 18,311.70 | 12,972.66 | 70.84 | 33,047 | 19,289 | 57.67 |

പട്ടിക 2 - 2006-2010

| പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗം | | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം | | |
|---|---|---|---|---|---|---|
| വർഷം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം |
| 2006-07 | 20,089.49 | 17,273.38 | 86.54 | 40,500 | 34,686 | 85.61 |
| 2007-08 | 23,959.68 | 22,563.66 | 94.17 | 44,330 | 37,529 | 84.66 |
| 2008-09 | 27,744.58 | 27,062.16 | 97.54 | 48,763 | 41,448 | .85.00 |
| 2009-10 | 44,383.24 | 43,868.23 | 98.84 | 53,599 | 52,832 | 98.57 |

(2) പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടിക 3 - 2002-2006

| പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗം | | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം | | |
|---|---|---|---|---|---|---|
| വർഷം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം | അടങ്കൽ തുക (തുക ലക്ഷത്തിൽ) | ചെലവ് | ശതമാനം |
| 2002-03 | 12,134.26 | 9,516.35 | 78.43 | - | - | - |
| 2003-04 | 9,559.25 | 4,682.61 | 48.99 | 4,444 | 2,405 | 54.12 |
| 2004-05 | 7,722.24 | 6,436.27 | 83.35 | 4,813 | 3,048 | 63.33 |
| 2005-06 | 7,749.68 | 5,996.50 | 77.38 | 5,017 | 3,388 | 70.00 |

**പട്ടിക 4 - 2006-2010**

| വർഷം | പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗം | | | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം | | |
|---|---|---|---|---|---|---|
| | അടങ്കൽ തുക | ചെലവ് | ശതമാനം | അടങ്കൽ തുക | ചെലവ് | ശതമാനം |
| | (തുക ലക്ഷത്തിൽ) | | | (തുക ലക്ഷത്തിൽ) | | |
| 2006-07 | 8,306.25 | 7,609.84 | 91.62 | 6,050 | 5,040 | 83.31 |
| 2007-08 | 8,820.00 | 8,033.00 | 93.19 | 6,875 | 6,050 | 90.00 |
| 2008-09 | 7,650.00 | 7,271.00 | 95.04 | 7,388 | 7,089 | 95.96 |
| 2009-10 | 11,142.95 | 10,736.07 | 96.35 | 8,051 | 7,829 | 97.24 |

ബി) 2001-06 കാലത്ത് പട്ടികജാതി ഘടകപദ്ധതി അടങ്കലിന്റെ എത്ര ശതമാനം ചെലവഴിച്ചു;

(ബി)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവായ തുകയുടെ ശതമാനം |
|---|---|---|---|
| 2001-02 | 10,170.00 | 3817.34 | 37.54 |
| 2002-03 | 16,973.30 | 16,883.67 | 99.47 |
| 2003-04 | 19,101.49 | 12,042.64 | 63.05 |
| 2004-05 | 18,180.89 | 11,849.72 | 65.18 |
| 2005-06 | 18,311.70 | 12,972.66 | 70.84 |

സി) കഴിഞ്ഞ നാലു വർഷം ഈ ഇനത്തിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്;

(സി)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവായ തുകയുടെ ശതമാനം |
|---|---|---|---|
| 2006-07 | 20,089.49 | 17,273.38 | 85.98 |
| 2007-08 | 23,959.68 | 22,563.66 | 94.17 |
| 2008-09 | 27,744.58 | 27,062.16 | 97.54 |
| 2009-10 | 44,383.24 | 43,868.23 | 98.84 |

| | |
|---|---|
| ..കസന ഫണ്ട് എന്തെല്ലാം പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്; | (ഡി)<br>(1) <u>പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u><br><br>1. മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ<br>2. മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ<br>3. നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം<br>4. പ്രീമെട്രിക് ഹോസ്റ്റലുകൾ<br>5. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>6. നഴ്സറി സ്കൂളുകൾ<br>7. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>8. ദൃശ്യ ശ്രാവ്യ വിദ്യാഭ്യാസവും ഭാരതദർശൻ കേന്ദ്രങ്ങളും<br>9. സ്പോർട്ട്സിലും ഗെയിംസിലും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രകടന നിലവാരം<br>10. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ<br>11. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള മികവിന്റെ കേന്ദ്രം<br>12. സ്വയംതൊഴിൽ<br>13. സ്വാശ്രയ കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായം<br>14. പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുകൊണ്ട് പട്ടികജാതിക്കാർക്കുള്ള സാമ്പത്തിക പുരോഗമന പദ്ധതികൾ<br>15. വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ<br>16. പരീക്ഷയ്ക്കുമുമ്പുള്ള പരിശീലനം<br>17. ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ<br>18. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം<br>19. തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബര എൻഡോവ്മെന്റ് ബോർഡിനുള്ള തത്തുല്യ സഹായധനം<br>20. സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും വിവാഹ ആവശ്യത്തിനും ധനസഹായം<br>21. ദൃശ്യ ശ്രാവ്യ സാമഗ്രികളും ഇലക്ട്രോണിക് ഡാറ്റാ പ്രോസസ്സിംഗ് ഘടകം സ്ഥാപിക്കൽ<br>22. ദുർബലവിഭാഗങ്ങളുടെ ഉന്നമനം<br>23. സിവിൽ സർവ്വീസ് പരീക്ഷാ ട്രെയിനിംഗിനുള്ള ഗ്രാന്റ്<br>24. സ്പെഷ്യൽ കമ്പോണന്റ് പദ്ധതിയ്ക്ക് വേണ്ടിയുള്ള ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് ഫണ്ട്<br>25. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള നാഷണൽ ട്രേഡ്സ് ആന്റ് ആർട്ട്സ് ഫെസ്റ്റിവൽ |

26. എസ്.സി.പി. പ്രൊമോട്ടേഴ്സിനുള്ള പരിശീലനവും ഓണറേറിയവും
27. കർഷക തൊഴിലാളികൾക്ക് ഭൂമി അനുവദിക്കൽ
28. ഭവനരഹിതർക്ക് ഭവനം
29. ഭൂരഹിതർക്ക് ഭൂമി
30. പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശുപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്
31. പരിശീലനവും ബന്ധപ്പെട്ട പദ്ധതികളും
32. മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ ആശ്രിതരുടെ ഉന്നമനം
33. ആൺകുട്ടികളുടെ ഹോസ്റ്റൽ പട്ടികജാതിക്കാർക്ക്
34. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് കെട്ടിടനിർമ്മാണം
35. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ നിർമ്മാണം
36. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം പോസ്റ്റ്മെട്രിക്
37. വനിതാ ജീവനക്കാർക്കുവേണ്ടിയുള്ള ഹോസ്റ്റൽ
38. പരിശീലന കേന്ദ്രങ്ങൾക്കായി സ്ഥലവും കെട്ടിടവും
39. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം നിക്ഷേപങ്ങൾ
40. ഡോ. അംബേദ്കർ ഭവനം
41. എസ്.സി.എ. ടു എസ്.സി.പി
42. വനിതാ സ്വയംസഹായ സംഘം
43. സൈബർ ശ്രീ ശക്തിപ്പെടുത്തൽ
44. കടം ഇളവുചെയ്യൽ
45. സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം
46. എസ്.സി. / എസ്.റ്റി ഫെഡറേഷനുള്ള ധനസഹായം

(2) <u>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന</u>

1. ഭവന നിർമ്മാണം
2. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം
3. കുടിവെള്ള പദ്ധതി
4. വിദ്യാഭ്യാസ പദ്ധതികൾ
5. പട്ടികവർഗ്ഗയുവതികളുടെ വിവാഹധനസഹായം
6. വൈദ്യുതീകരണ പദ്ധതികൾ
7. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ
8. ഫുഡ്സപ്പോർട്ട് പ്രോഗ്രാം
9. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യവികസനം

10. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം
11. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
12. അടിയ, പണിയ, പാക്കേജ്
13. ഗ്രൂപ്പ് ഫാമുകൾക്കുള്ള സഹായം
14. കുടുംബശ്രീ മുഖേന സുസ്ഥിര വികസനം
15. അയ്യങ്കാളി ടാലന്റ് റിസർച്ച് സ്കീം
16. പട്ടികവർഗ്ഗ സൊസൈറ്റികളുടെ നവീകരണം
17. ഹോസ്റ്റൽ നവീകരണം
18. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
19. സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി
20. ഊരുകൂട്ട സംഘാടനം
21. പട്ടികവർഗ്ഗപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം
22. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ
23. വനാവകാശനിയമം നടപ്പിലാക്കൽ

**(3) <u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വായ്പാ പദ്ധതികൾ</u>**

(i) ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി
(ii) പ്രൊഫഷണൽ സർവ്വീസ് പദ്ധതി
(iii) വിദേശ തൊഴിൽ വായ്പാപദ്ധതി
(iv) പെട്രോൾ / ഡീസൽ ഓട്ടോറിക്ഷാവായ്പാപദ്ധതി (TS-XL)
(v) വിവാഹവായ്പാപദ്ധതി
(vi) വിദ്യാഭ്യാസ വായ്പാപദ്ധതി
(vii) കർഷകതൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാപദ്ധതി
(viii) വിദേശവിദ്യാഭ്യാസ വായ്പാപദ്ധതി
(ix) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാപദ്ധതി
(x) സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്രവാഹന വായ്പാപദ്ധതി
(xi) സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാപദ്ധതി
(xii) മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി
(xiii) മിനി വെഞ്ച്വർ പദ്ധതി
(xiv) ശില്പിസമൃദ്ധിയോജന
(xv) മഹിളാ സമൃദ്ധിയോജന
(xvi) വിദ്യാഭ്യാസ വായ്പാപദ്ധതി
(xvii) ആദിവാസി മഹിളാശാക്തീകരൺ യോജന
(xviii) പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാപദ്ധതി
(xix) സ്മോൾ എന്റർപ്രൈസസ് വായ്പാപദ്ധതി

| | |
|---|---|
| പട്ടിക വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമി വാങ്ങി നൽകുന്നതിനുമായി ഈ സർക്കാർ നടത്തിയ പ്രവർത്തനം വ്യക്തമാക്കുമോ? | (ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 51320 പട്ടികജാതി കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങൾക്ക് നൽകുന്ന ഭവനനിർമ്മാണ ധനസഹായം ഒരു ലക്ഷം രൂപയായി (1,00,000/-) വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായതുക അവരവരുടെ വീടിനടുത്തുള്ള പോസ്റ്റാഫീസ് വഴി എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി ഇ-ഹൗസിംഗ് പദ്ധതി നടപ്പിലാക്കി. പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, TRDM എന്നിവ മുഖേന ഇതുവരെ 6926 വീടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റ്റി.എസ്.പി. ഫണ്ട്, ഐ.എ.വൈ. ഫണ്ട് മുഖേന ഇതുവരെ 10976 വീടുകളും അനുവദിച്ചുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണധനസഹായം 1,25,000/- രൂപയായും പ്രാക്തനഗോത്രവർഗ്ഗക്കാരുടെ ധനസഹായം 1,50,000/- രൂപയായും വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഗ്രാമപഞ്ചായത്തിൽ (3 സെന്റ് ഭൂമി വാങ്ങാൻ) 25,000/- രൂപയിൽ നിന്നും 45,000/- രൂപയായും മുനിസിപ്പൽ പ്രദേശത്ത് (1 1/2 സെന്റ് ഭൂമി വാങ്ങാൻ) 27,500/- രൂപയിൽ നിന്നും 50,000/- രൂപയായും കോർപ്പറേഷൻ പ്രദേശത്ത് (1 1/2 സെന്റ് ഭൂമി വാങ്ങാൻ) 30,000/- രൂപയിൽ നിന്നും 60,000/- രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇത് വീണ്ടും യഥാക്രമം 75,000/- രൂപയായും, 90,000/- രൂപയായും 1,00,000/- രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം 16462 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുവാൻ ധനസഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 2173 കുടുംബങ്ങൾക്ക് 2151.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ ഭൂരഹിതരായ ഏകദേശം 800 ആദിവാസി കുടുംബങ്ങൾക്ക് കണ്ണൂർ ജില്ലയിലെ ആറളത്ത് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വയനാട്ടിൽ 1000 ഏക്കർ ഭൂമി വാങ്ങുന്നതിനായി 50/- കോടി രൂപ അനുവദിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 15705 കുടുംബങ്ങൾക്ക് 19334 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് 5000 ആദിവാസി കുടുംബങ്ങൾക്ക് പട്ടയവും കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്.<br><br>കൂടാതെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279      23.02.2011-ൽ മറുപടിയ്ക്ക്

നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. വിശ്വൻ : | ശ്രീ. മുല്ലക്കര രത്നാകരൻ |
| " ആർ. സെൽവരാജ് : | (കൃഷി വകുപ്പു മന്ത്രി) |
| " മുരളി പെരുനെല്ലി: | |
| " കെ. കുഞ്ഞമ്മത് മാസ്റ്റർ : | |

(എ) സംസ്ഥാനത്ത് നാളികേര ഉത്പാദനം ഗണ്യമായി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകുമോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2010 ലെ സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കഴിഞ്ഞ 5 വർഷത്തെ ഉത്പാദനത്തിന്റെ കണക്കുകൾ ഇപ്രകാരമാണ്.

| വർഷം | ഉത്പാദനം (ദശലക്ഷം നാളികേരം) |
|---|---|
| 2005-06 | 6326 |
| 2006-07 | 6054 |
| 2007-08 | 5641 |
| 2008-09 | 5802 |
| 2009-10 | 5667 |

എന്നാൽ നാളികേരത്തിന്റെ ഉല്പാദനക്ഷമത 2006-07ൽ ഒരു ഹെക്ടറിൽ 6935 ആയിരുന്നത് 2008-09ൽ 7384 നാളികേരമായി വർദ്ധിച്ചിട്ടുണ്ട്. 2009-10ലെ താൽക്കാലിക കണക്കുകൾ പ്രകാരം ഇത് ഹെക്ടറിന് 7278 നാളികേരമാണ്.

(ബി) നാളികേര കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) നാളികേര കൃഷി പ്രോത്സാഹിപ്പിക്കുവാനും ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ താഴെ പറയുന്ന നാലുപദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. "തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ 2010-11ൽ 300 ഹെക്ടർ

സ്ഥലത്ത് ഒന്നാം വർഷ പ്രദർശനത്തോട്ടവും 1000 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശനത്തോട്ടവും സ്ഥാപിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. തെങ്ങുകൃഷിക്ക് ഹെക്ടറിന് 17500/- രൂപയാണ് ധനസഹായമായി ലഭ്യമാക്കുന്നത്. മൊത്തം 227.5 ലക്ഷം രൂപ പദ്ധതി ചെലവിനായി വകയിരുത്തിയിട്ടുണ്ട്. 31.1.11 വരെ 174.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2. "ഇടുക്കി പാക്കേജ്" പദ്ധതിയിൻ കീഴിൽ നാളികേര വികസനത്തിനായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മൂന്നു ഘടകങ്ങൾക്ക് സഹായം അനുവദിക്കുന്നുണ്ട്.

*എ)* 250 ഹെക്ടറിൽ നാളികേര കൃഷിയിടങ്ങളുടെ സംയോജിത പരിപാലനം,

*ബി)* രോഗം ബാധിച്ചതും പ്രായാധിക്യം മൂലം ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി മാറ്റുക

*സി)* ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

മേൽ ഘടകങ്ങൾക്കായി 75 ലക്ഷം രൂപ ചെലവഴിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സംയോജിത പരിപാലനത്തിന് ഹെക്ടറിന് 7500/- രൂപയും, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 250/- രൂപയും, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പമ്പുസെറ്റുകൾ സ്ഥാപിക്കാൻ ഒരു യൂണിറ്റിന് പരമാവധി 10,000/- രൂപയും കർഷകർക്ക് ലഭ്യമാക്കും. 31.1.2011 വരെ 10.1247 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. "കുട്ടനാട് പാക്കേജ്" പദ്ധതിയുടെ ഭാഗമായി മൂന്നു ഘടകങ്ങൾക്ക് 237.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എ. 1875 ഹെക്ടർ സ്ഥലത്ത് സംയോജിത പരിപാലനത്തിന് ഹെക്ടറിന് 7500/- രൂപ നിരക്കിൽ 140.625 ലക്ഷം രൂപയും,

b. രോഗം ബാധിച്ചതും പ്രായാധിക്യം മൂലം ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റാൻ തെങ്ങൊന്നിന് 250/- രൂപ നിരക്കിൽ 18750 തെങ്ങുകൾ വെട്ടി മാറ്റാൻ 46.875 ലക്ഷം രൂപയും,

c. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി പമ്പുസെറ്റുകൾ വാങ്ങാൻ ഒരു യൂണിറ്റിന് 10000/- രൂപ നിരക്കിൽ 500 പമ്പു സെറ്റുകൾ വാങ്ങാൻ 50 ലക്ഷം രൂപ കർഷകർക്ക് ലഭ്യമാക്കും. 31.1.2011 വരെ 83.05 ലക്ഷം രൂപ കുട്ടനാട് പദ്ധതിയിൽ ചെലവഴിച്ചു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

4. നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി "തെങ്ങുകൃഷി പുനരുദ്ധാരണം" എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ പദ്ധതി നടപ്പിലാക്കും. 474.514 കോടി രൂപയാണ് പദ്ധതിയുടെ കേന്ദ്ര സബ്സിഡി. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുക, 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുക, 71.71 ലക്ഷം തെങ്ങിൻ തൈകൾ പുതിയതായി വച്ചു പിടിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

ഒൻപതു ബ്ലോക്കുകളിലുമായി 522095 തെങ്ങുകൾ വെട്ടി മാറ്റിയതിന് 2087.89 ലക്ഷം രൂപ 123982 കർഷകർക്ക് നേരിട്ട് നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പുനരുദ്ധാരണത്തിനുള്ള കാർഷിക സാമഗ്രികൾ ലഭ്യമാക്കിയതിനായി 468.28 ലക്ഷം രൂപ

സി.ഡി.ബി വഴി ചെലവഴിച്ചിട്ടുണ്ട്. മൊത്തം 2556.17 ലക്ഷം രൂപ ചെലവഴിച്ചു. 2009-10ൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, വർക്കല, കഴക്കൂട്ടം ബ്ലോക്കുകളും കൊല്ലം ജില്ലയിലെ ഓച്ചിറ, കരുനാഗപ്പള്ളി, ചവറ ബ്ലോക്കുകളും തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട, കൊടകര, ചാലക്കുടി ബ്ലോക്കുകളിലുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2010-11 ലേയ്ക്ക് പുതിയതായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ 18 ബ്ലോക്കുകളിൽകൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

5. സംസ്ഥാന നാളികേര വികസന പദ്ധതി പ്രകാരം 29.16 കോടി രൂപ ചെലവഴിക്കുന്നതാണ്. "കേരശ്രീ" യിൽ ഒന്നാംവർഷ പദ്ധതിയ്ക്കായി 1839.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം വർഷ കേരശ്രീ പദ്ധതിയുടെ കീഴിൽ 10513 ഹെക്ടർ സ്ഥലത്ത് 420 ക്ലസ്റ്ററുകൾ രൂപീകരിച്ച് നാളികേര വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഈ ഘടകങ്ങൾക്കായി 31.1.11 വരെ 1227.6 ലക്ഷം രൂപ ചെലവഴിച്ചു. 2009-10ൽ നടപ്പിലാക്കിയ കേരശ്രീ പദ്ധതിയിലെ 10375 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ ധനസഹായമായ ഒരു ഹെക്ടറിന് 7000/- രൂപ നിരക്കിൽ മൊത്തം 726.25 ലക്ഷം രൂപ ലഭ്യമാക്കിയതിൽ 31.1.2011 വരെ 720.15 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് രണ്ടാം വർഷ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കൂടാതെ തെങ്ങു പുനരുദ്ധാരണ പദ്ധതിയുടെ നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതമായ 30 ലക്ഷം രൂപ വാഹനം, കമ്പ്യൂട്ടർ മുതലായവയ്ക്കായി ചെലവ ഴിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 12.05 ലക്ഷം ചെലവഴിച്ചിട്ടുണ്ട്.

ആറു ജില്ലകളിലേയ്ക്കായി നടീൽ വസ്തു വിതരണത്തിന് ഉപയോഗിക്കാൻ പുതിയ മിനി ലോറികൾ വാങ്ങാൻ 60 ലക്ഷം രൂപ വകയിരുത്തിയതിൽ 53.7127 ലക്ഷം രൂപ ചെലവഴിച്ചു.

വൈവിധ്യമാർന്ന നാളികേര ഉത്പന്ന ങ്ങളുടെ ഉത്പാദനത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊ-ന്നിന് പരമാവധി 10 ലക്ഷം രൂപ വച്ച് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിൽ വ്യക്തികൾക്കോ സന്നദ്ധ സംഘടനകൾക്കോ ധനസഹായം ലഭ്യമാക്കു ന്നതാണ്. 16 പ്രോജക്ടുകൾക്ക് സംസ്ഥാ നതല കമ്മറ്റി അനുമതി നൽകിയിട്ടുണ്ട്.

6. ഈ പദ്ധതികൾക്കു പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി - യിൻകീഴിൽ സംയോജിത വളപ്രയോഗം 12500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കാൻ 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 21 ലക്ഷം തെങ്ങുകൾക്കാണ് സംയോജിത വളപ്രയോഗം നടപ്പിലാക്കിവരുന്നത്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനായി പമ്പുസെറ്റുകൾ വാങ്ങാൻ ഒരു യൂണിറ്റിന് 7500/- രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കു ന്നതാണ്. 2500 യൂണിറ്റുകൾക്കായി 187.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,

കാസർഗോഡ് ജില്ലകളിലാണ് ഈ ഘടകം നടപ്പിലാക്കിവരുന്നത്. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കാനായി ഒരു ഹെക്ടറിന് 5000 രൂപ ധനസഹായം ലഭ്യമാക്കും. 10000 ഹെക്ടർ സ്ഥലത്ത് ഇടവിള കൃഷിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. മൊത്തം 1107.5 ലക്ഷം രൂപ മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയതിൽ 765.7 ലക്ഷം രൂപ ചെലവഴിച്ചു.

(സി) രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിനും തൈകൾ വച്ച് പിടിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തെങ്ങ് പുനരുദ്ധാരണ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

2009-10 മുതൽ 9 ബ്ലോക്കുകളിലെ 56 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 522095 കാറ്റുവീഴ്ച രോഗം ബാധിച്ചും പ്രായാധിക്യം കൊണ്ടും ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റിയതിന് 2087.89 ലക്ഷം രൂപ 123982 കർഷകർക്ക് നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പുനരുദ്ധാരണത്തിനുള്ള ഉല്പാദനോപാധികൾ അർഹതയുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഇതുവരെ 468.28 ലക്ഷം രൂപ പുനരുദ്ധാരണത്തിനായി മാർക്കറ്റ് ഫെഡ് , നാഷണൽ സീഡ് കോർപ്പറേഷൻ എന്നീ ഏജൻസികൾക്ക് കാർഷിക സാമഗ്രികൾ, പയർ വിത്ത് എന്നിവ ലഭ്യമാക്കിയതിന് നൽകിക്കഴിഞ്ഞു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2010-11 ൽ 61945 തെങ്ങിൻ തൈകൾ കർഷകർക്ക് തൈ ഒന്നിന് 20 രൂപ സബ്സിഡി നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

2010-11ൽ പുതിയ 18 ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

2011-12ൽ മൂന്നു ജില്ലകളിലുമായി ശേഷിച്ച 15 ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഡി) അത്യുല്പാദന ശേഷിയു ള്ളതും രോഗ പ്രതിരോധശേഷി കൂടിയതുമായ തെങ്ങിൻ തൈകൾ കുറഞ്ഞ വിലയ്ക്ക് കൃഷിഭവനുകളിലൂടെ വിത രണം ചെയ്യുമോ ;

(ഡി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വികസിപ്പിച്ചെടുത്ത നല്ല ഗുണ മേൻമയുള്ള തെങ്ങിൻ തൈകൾ കുറഞ്ഞ വിലയ്ക്ക് കൃഷി ഭവനുകളിലൂടെ കർഷകർക്ക് വിതരണം നടത്തി വരുന്നു.

(ഇ) കാറ്റുവീഴ്ച ബാധിച്ച പ്രദേശ ങ്ങളിൽ രോഗ പ്രതി-രോധത്തിനായി എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്ന തെന്ന് വ്യക്തമാക്കുമോ ?

(ഇ) കാറ്റുവീഴ്ച ബാധിച്ച പ്രദേശങ്ങളിൽ രോഗ പ്രതിരോധത്തിനായി നല്കി വരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ജില്ലകളിൽ നിന്നും ശേഖരിച്ചു വരുന്നു.

രോഗ ബാധ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത് തടയാനായി ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച മൂന്ന് ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 474.14 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. തെങ്ങ് പുനരുദ്ധാരണ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഘടകങ്ങൾ ഇപ്രകാരമാണ്.

1. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചും പ്രായാധിക്യം കൊണ്ടും ഉല്പാദന ക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഹെക്ടറിന് പരമാവധി 13000/- രൂപ ധനസഹായമായി ലഭ്യമാക്കുന്ന താണ്. രോഗം ബാധിച്ച് വെട്ടി മാറ്റുന്ന ആദ്യത്തെ 20 തെങ്ങു കൾക്ക് തെങ്ങൊന്നിന് 500 രൂപ നിരക്കിലും പിന്നീടുള്ള 12 തെങ്ങു കൾക്ക് 250 രൂപ നിരക്കിലുമാണ്

മേൽപറഞ്ഞ ധനസഹായം ലഭ്യമാക്കുന്നത്.

2. പുനരുദ്ധാരണത്തിന് ഹെക്ടറിന് 15000/- രൂപ രണ്ടു വർഷം കൊണ്ട് കർഷകർക്ക് നൽകുന്നതാണ്. (ഒരു വർഷം 7500/- രൂപ നിരക്കിൽ)
3. വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുന്നതിന് 20 രൂപ ഒരു തെങ്ങിൻ തൈക്ക് സബ്സിഡി നൽകുന്നതാണ്.

2009-10 മുതൽ 9 ബ്ലോക്കുകളിലെ 56 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 522095 കാറ്റുവീഴ്ച രോഗം ബാധിച്ചും പ്രായാധിക്യം കൊണ്ടും ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റിയതിന് 2087.89 ലക്ഷം രൂപ 123982 കർഷകർക്ക് നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പുനരുദ്ധാരണത്തിനുള്ള ഉല്പാദനോപാധികൾ അർഹതയുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഇതുവരെ 468.28 ലക്ഷം രൂപ പുനരുദ്ധാരണത്തിനായി മാർക്കറ്റ് ഫെഡ്, നാഷണൽ സീഡ് കോർപ്പറേഷൻ എന്നീ ഏജൻസികൾക്ക് കാർഷിക സാമഗ്രികൾ, പയർ വിത്ത് എന്നിവ ലഭ്യമാക്കിയതിന് നൽകിക്കഴിഞ്ഞു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2010-11 ൽ 61945 തെങ്ങിൻ തൈകൾ കർഷകർക്ക് തൈ ഒന്നിന് 20 രൂപ സബ്സിഡി നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.

2010-11ൽ പുതിയ 18 ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

2011-12ൽ മൂന്നു ജില്ലകളിലുമായി ശേഷിച്ച 15 ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 280

23.02.2011-ൽ മറുപടിയ്ക്ക്

**റബ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. പി.ജയരാജൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | | **ശ്രീ. ജി.സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പ് മന്ത്രി)** |
| (എ) | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) | റബ്ബറും, റബ്ബർ തടിയും അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സ്ഥാപനങ്ങൾ, വിവിധ തരത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ വ്യാപാരം, കൂടാതെ പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന വ്യവസായ സംരംഭത്തിലും റബ്കോ ഏർപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ കർഷകരിൽ നിന്നും റബ്ബർ പാൽ ശേഖരിച്ച് വിൽപന നടത്തുന്ന വ്യാപാരത്തിലും റബ്കോ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | റബ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) | റബ്കോയുടെ നിലവിലുള്ള യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി എൻ.സി.ഡി.സി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ മുഖാന്തിരം 55.76 കോടി രൂപ ഇതുവരെ റബ്കോയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റബ്കോയുടെ എല്ലാ യൂണിറ്റുകളും സുഗമമായ പ്രവർത്തനത്തിലേയ്ക്ക് വന്നു കൊണ്ടിരിക്കുകയാണ്. എൻ.സി.ഡി.സി / സംസ്ഥാന പദ്ധതിയിൽ റബ്കോയ്ക്ക് അനുവദിച്ച 38.45 കോടി രൂപ (പലിശയുൾപ്പെടെ) വായ്പ സർക്കാർ ഓഹരി മൂലധനമാക്കി മാറ്റിയിട്ടുണ്ട്. സഹകരണ നവരത്ന ലോട്ടറി ഫണ്ടിൽ നിന്നും ഒരു കോടി രൂപയും, സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. റബ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാഷ്വൽ ഷൂ ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുതുതായി എന്തെല്ലാം പദ്ധതികളാണ് റബ്‌കോ ഏറ്റെടുത്തിട്ടുള്ളത് ; | (സി) | കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ്, ട്രെഡ് റബ്ബർ ഫാക്ടറി എന്നിവ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോമ്പൗണ്ട് മിക്സിംഗ് പ്ലാന്റ് എം.ആർ.എഫ്-മായി കരാറിലേർപ്പെട്ട് സുഗമമായി പ്രവർത്തിച്ചു വരുന്നു. ട്രെഡ് റബ്ബർ ഫാക്ടറിയിലെ ഉൽപ്പന്നങ്ങൾക്ക് അമേരിക്ക തുടങ്ങിയ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതിക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട് |
| (ഡി) | പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വെർജിൻ കോക്കനട്ട് ഓയിൽ വിപണിയിൽ എത്തിച്ചിട്ടുണ്ടോ; എങ്കിൽ അതിന് മെച്ചപ്പെട്ട വിപണി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ഡി) | പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും വിപണിയിൽ എത്തിച്ചിട്ടുണ്ട്. "ന്യൂട്രികോ" എന്ന പേരിൽ വെളിച്ചെണ്ണയും, പച്ചത്തേങ്ങയിൽ നിന്നുള്ള വെളിച്ചെണ്ണ ഉപയോഗിച്ച് "ലഷ്" എന്ന പേരിൽ ബേബി ഓയിൽ, മസാജ് ഓയിൽ, ഹെയർ ടോണിക് എന്നിവയും വിപണിയിൽ ലഭ്യമാണ്. ഇവയ്ക്ക് കൂടുതൽ മെച്ചപ്പെട്ട വിപണി കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. |
| (ഇ) | കമ്പനിയുടെ എല്ലാ യൂണിറ്റുകളും ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | എൻ.സി.ഡി.സി. പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ ശേഷം യൂണിറ്റുകൾ ഒന്നൊന്നായി ലാഭത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതു വഴി സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281 — 23.02.2011-ൽ മറുപടിക്ക്

"ജൈവ കൃഷി വ്യാപകമാക്കുന്നതിന് പദ്ധതി"

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>" എ.എ. ഷുക്കൂർ :<br>" എൻ. ശക്തൻ:<br>" വർക്കല കഹാർ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ജൈവ കൃഷി വ്യാപകമാക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കുമോ; | (എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും മത്സരക്ഷമതയാർന്നതും വിഷവിമുക്തമായ മണ്ണ്, വെള്ളം, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ സഹായിക്കുന്നതുമായ ഒരു ജൈവ കാർഷിക നയത്തിന് രൂപം നൽകിയിട്ടുണ്ട്.<br>ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പു വർഷം സംസ്ഥാന ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ, ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.<br>സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 100 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്ത് 14 ജില്ലകളിലെ 20 ബ്ലോക്കുകളിൽപ്പെട്ട 20 കൃഷി ഭവനുകളിലായി 900 ഹെക്ടർ സ്ഥലത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഒരു പഞ്ചായത്തിലെ 45 ഹെക്ടർ സ്ഥലത്തെ കർഷകരെ ഗ്രൂപ്പടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ച് ജൈവകൃഷി നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം ഹെക്ടറിനു 10,000 രൂപ ധനസഹായം നല്കുന്നു.<br>കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നല്കുകയും അതുവഴി കൂടുതൽ കർഷകരേയും പദ്ധതിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥരേയും ബോധവൽക്കരിക്കുകയും, ജൈവകൃഷി സാങ്കേതിക വിദ്യയിൽ അവരെ സുസജ്ജരാക്കുകയും ചെയ്യുന്നു.<br>കേന്ദ്ര സർക്കാർ നടപ്പു സാമ്പത്തിക വർഷം ദേശീയ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി 34.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനത്തിനായുള്ള പരിശീലനം, ഉദ്യോഗസ്ഥരുടെ പരിശീലനം, കർഷകരുടെ പരിശീലനം എന്നീ പരിപാടികൾക്കായി വിനിയോഗിക്കുന്നു. |
| (ബി) | നബാർഡിന്റെ സഹായത്തോടെ പ്രസ്തുത രംഗത്ത് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) | നബാർഡിന്റെ സഹായത്തോടെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ എത്ര കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | ഏകദേശം രണ്ടായിരത്തോളം കർഷകരെ ജൈവകൃഷി സമ്പ്രദായത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നബാർഡിന് പുറമേ മറ്റേതൊക്കെ ബാങ്കുകളും സ്വയം സഹകരണ സംഘങ്ങളും പ്രസ്തുത പദ്ധതിയിൽ പങ്കാളികളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | നബാർഡ്, ബാങ്കുകൾ, സ്വയം സഹകരണ സംഘങ്ങൾ തുടങ്ങിയവ പദ്ധതിയിൽ പങ്കാളികളായിട്ടില്ല. |
| (ഇ) | ജൈവകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പരിശീലനം നല്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഇ) | നടപ്പു വർഷം സംസ്ഥാന ബഡ്ജറ്റിൽ ജൈവകൃഷിക്കായി വകകൊള്ളിച്ചിട്ടുള്ള 100 ലക്ഷം രൂപ പരിശീലനം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്കാണ് വിനിയോഗിക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാർ ദേശീയ ജൈവകൃഷി പദ്ധതി പ്രകാരം അനുവദിച്ച 34.96 ലക്ഷം രൂപ വിവിധ പരിശീലന പദ്ധതികൾക്കായാണ് വിനിയോഗിക്കുന്നത്.<br><br>വിവിധ പരിശീലന പരിപാടികൾ, റീജിയണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയിനിങ് സെന്റർ (ആർ.എ.റ്റി.റ്റി.സി.) / സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (സമേതി)/ കൃഷി വിജ്ഞാൻ കേന്ദ്ര (കെ.വി.കെ)/ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (കെ.എ.യു)/ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) എന്നീ സ്ഥാപനങ്ങൾ മുഖേന നല്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282 — 23.02.2011-ൽ മറുപടിയ്ക്ക്

## നെൽ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ചന്ദ്രൻ<br>പ്രൊഫ. സി.രവീന്ദ്രനാഥ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) മേൽത്തരം നെൽ വിത്തുകൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) മേൽത്തരം നെൽവിത്തുകൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ലുഗവേഷണ കേന്ദ്രങ്ങളിൽ നിന്നും അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനം നെല്ലിന്റെ ബ്രീഡർ സീഡ് എടുത്ത് ഫാമുകളിൽ കൃഷി ചെയ്ത് കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്.<br><br>മേൽത്തരം നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനായുള്ള മറ്റൊരു പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP). ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഫൗണ്ടേഷൻ സീഡ് സൗജന്യമായി നൽകുകയും ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള സഹായവും നൽകി വരുന്നുണ്ട്.<br><br>കൂടാതെ കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതി കളിലും സബ്സിഡി നിരക്കിൽ നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |
| ബി) കൃഷി വകുപ്പിന്റെ കീഴിൽ എത്ര നെൽ വിത്തു ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; | ബി) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 33 നെൽവിത്ത് ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

\- - - - - - - -

| | | | |
|---|---|---|---|
| സി) | നെൽ വിത്തുകൾ വിതരണം ചെയ്യുന്നതിനുമുമ്പ് വിത്തുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; | സി) | ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. |
| ഡി) | കൃഷിനാശം സംഭവിക്കുന്ന മേഖലകളിൽ കർഷകർക്ക് സൗജന്യ നിരക്കിൽ നെൽ വിത്തുകൾ വിതരണം ചെയ്യുമോ; | ഡി) | അവിചാരിതമായ കാരണങ്ങളാൽ കൃഷി നാശം സംഭവിച്ചാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെ കരുതൽ ശേഖരം ഉണ്ടാക്കുന്നതിന് "Contingency programme to meet natural calamities" എന്ന പദ്ധതി 2006-07 മുതൽ നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി സൗജന്യമായി വിത്ത് വിതരണം നടത്തിവരുന്നു. |
| ഇ) | സംസ്ഥാനത്തിന് അനുയോജ്യമായ മേൽത്തരം നെൽവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോൽസാഹിപ്പിക്കുമോ? | ഇ) | സംസ്ഥാനത്തിന് അനുയോജ്യമായ മേൽത്തരം നെൽവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളെ പ്രോൽസാഹിപ്പിക്കുന്നുണ്ട്. അതിനുള്ള നടപടികൾ എടുക്കുന്നത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള നെല്ല് ഗവേഷണ കേന്ദ്രങ്ങളാണ്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 283

23.02.2011- ൽ
മറുപടിക്ക്

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ജീവനക്ഷമമായ കയർ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിലേക്കായി 2006 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായും സ്ഥിരമൂലധനമായും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2006-2007, 2008-2009 വർഷങ്ങളിലായി 505 കയർ സഹകരണ സംഘങ്ങൾക്കായി 2382.69 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 2009-2010, 2010-2011 വർഷങ്ങളിൽ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സംഘങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ത്രിഫ്റ്റ് ഷെയർ ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും 484 സംഘങ്ങൾക്കായി 1112.72 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട സംഘങ്ങളെ ബാദ്ധ്യത വിമുക്തമാക്കുന്നതിന്റെ ഭാഗമായി അവയുടെ സർക്കാർ വായ്പാ പലിശ എന്നിവ ഓഹരിയാക്കി മാറ്റുകയും പിഴപ്പലിശ |

| | |
|---|---|
| | എഴുതിത്തള്ളുകയും ചെയ്തു. കൂടാതെ എൻ.സി.ഡി.സി വായ്പ ഓഹരിയാക്കി മാറ്റുകയും പലിശ പിഴപ്പലിശ എന്നിവ എഴുതിത്തള്ളുകയുണ്ടായി. ഈ ഇനത്തിൽ യഥാക്രമം 2255.19 ലക്ഷം രൂപയും 3367.79 ലക്ഷം രൂപയും സർക്കാർ അനുവദിക്കുകയുണ്ടായി. |
| (ബി) മൊത്തം എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) പുനരുദ്ധാരണത്തിനായി 505 സംഘങ്ങൾക്ക് 2382.69 ലക്ഷം രൂപയും ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിലേക്കായി 484 സംഘങ്ങൾക്കായി 1112.72 ലക്ഷം രൂപയും ഉൾപ്പെടെ 2006 - 2007 മുതൽ 31/01/2011 വരെ 3495.41 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കയർ സംഘങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) കയർ സഹകരണ സംഘങ്ങളിൽ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചു.<br><br>• 2006 - 2007 മുതലാണ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങളും, തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയുണ്ടായി.<br>• കയർ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിലേക്കായി തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞത് 150 രൂപ മിനിമം കൂലി നടപ്പിലാക്കി<br>• ചകിരിക്ഷാമം രൂക്ഷമായി വന്ന അവസരത്തിൽ കയർ ഫെഡ് കൂടിയ വിലയ്ക്ക് ചകിരി വാങ്ങി അംഗസംഘങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി.<br>• കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകുകയും ഗുണമേൻമയുള്ള മോട്ടോറൈസ്ഡ് റാട്ടുകൾ വിതരണം ചെയ്യുകയും ചെയ്തു. |

| | |
|---|---|
| | • കയർ സംഘങ്ങൾ ഉൽപാദിപ്പിച്ച് കയർഫെഡ് വഴി നൽകുന്ന കയറിനും, കയറുല്പന്നങ്ങൾക്കും 1% തുക PMI ആയി നല്കി വരുന്നു.<br>• അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 75 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനു പുറമേ ആലപ്പുഴ കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് സൊസൈറ്റി 192 ആട്ടോമറ്റിക് സ്പിന്നിംഗ് മെഷീനുകളും കയർ ക്ലസ്റ്റർ പദ്ധതിയിൽ SFRUTI പ്രകാരം 91- മെഷീനുകളും, കയർ ഫെഡ് 18 സ്പിന്നിംഗ് മെഷീനുകളും ഇതിനകം നൽകിക്കഴിഞ്ഞു.<br>• അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 12 സ്പിന്നിംഗ് മെഷീനുകളും SFRUTI പദ്ധതി പ്രകാരം 4 വീവിംഗ് മെഷീനുകളും സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ഡി) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും തദ്വാരാ ഇടത്തട്ടുകാരെ ഒഴിപ്പിക്കുന്നതിനുമായി ക്രയ വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം കയറ്റുമതിക്കാരിൽ നിന്ന് ഓർഡറുകൾ ശേഖരിച്ച് ചെറുകിട ഉത്പാദക സംഘങ്ങൾക്ക് നൽകി വരുന്നു. 2006-2007 മുതൽ 31/01/2011 വരെ ഈ പദ്ധതി പ്രകാരം.166 കോടി രൂപയുടെ ഉല്പ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് നൽകിയിട്ടുണ്ട്. കയർ കോർപ്പറേഷനിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.50% ഇൻസന്റീവ്/ റിബേറ്റും അനുവദിക്കുന്നുണ്ട്. കൂടുതൽ വിദേശ കമ്പോളം ലക്ഷ്യമിട്ടുകൊണ്ട് കയർ കമ്മിഷൻ ശുപാർശ പ്രകാരം കയർ മേഖലയിലെ എല്ലാപേരേയും ഉൾപ്പെടുത്തിക്കൊണ്ട് കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശ |

| | |
|---|---|
| | ദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കേരള കയറിന് ഒരു പൊതു ബ്രാന്റിന് രൂപം നൽകിയിട്ടുണ്ട്. 2011 ഫെബ്രുവരി 4 മുതൽ 9 വരെ 'കയർ കേരള 2011' എന്ന പേരിൽ ഒരു അന്താരാഷ്ട്ര എക്സിബിഷൻ സംഘടിപ്പിച്ചിരുന്നു. വിദേശത്ത് നിന്നും രാജ്യത്തിനകത്തുനിന്നും ഒട്ടനവധി ബയേഴ്സും, ബയിംഗ് ഏജന്റുമാരും ഈ മേളയിൽ പങ്കെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച് നടന്ന ബയർ സെല്ലർ മീറ്റിൽ ഏകദേശം 13 കോടി രൂപയുടെ വിപണനത്തിന് ധാരണയായിട്ടുണ്ട്. ഒട്ടാകെ 25 കോടിയുടെ കയറ്റുമതി ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്.<br><br>(signature)<br>സെക്ഷൻ ഓഫീസർ |

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 284 — 23.02.2011- ലെ മറുപടിക്ക്

## കയറിന്റെയും മറ്റ് പരമ്പരാഗത ഗ്രാമീണ ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. കെ. ബാബു<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം. മുരളി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയറിന്റെയും മറ്റ് പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിനും കയർ ഉൽപ്പന്നങ്ങൾക്കും പരമാവധി വിപണി കണ്ടെത്തുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരികയാണ്.<br><br>• 2009 ഓണക്കാലയളവിൽ തുടക്കം കുറിച്ച "ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി പ്രകാരം ഓരോ കേരളീയ ഭവനങ്ങളിലും ഒരു കയർ ഉൽപ്പന്നം എങ്കിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ കയർഫെഡ്, കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ കുടുംബശ്രീ സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വഴി വിറ്റഴിച്ചു വരുന്നു.<br>• ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർഫെഡിന്റെയും, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി |

| | |
|---|---|
| | വിറ്റഴിച്ചു വരുന്നു. ഏകദേശം 611 ഓളം വിൽപന ശാലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.<br>• ഉത്സവ കാലയളവുകളിൽ നഗരങ്ങളിൽ മെട്രോഫെയറുകൾ സംഘടിപ്പിച്ചു വരുന്നു.<br>• കയറിന്റെയും പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പ്രചരണാർത്ഥം ആലപ്പുഴ, അമ്പലപ്പുഴ, വയലാർ , മാരാരിക്കുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കയർഫെസ്റ്റുകൾ സംഘടിപ്പിച്ചു.<br>• ഉത്സവ കാലയളവുകളിൽ കയർ ഉൽപ്പന്നങ്ങളുടെ പ്രചരണവുമായി ബന്ധപ്പെട്ട് ദൃശ്യ ശ്രവ്യമാധ്യമങ്ങളിൽ വിപുലമായ പരസ്യം നൽകിയിട്ടുണ്ട്.<br><br>അന്താരാഷ്ട്ര വിപണിയിൽ കേരള കയറിന് പ്രചാരണം നൽകുന്നതിന്റെ ഭാഗമായി 4/2/11 മുതൽ 9/2/11 വരെ ആലപ്പുഴയിൽ "കയർ - കേരള-2011" അന്താരാഷ്ട്ര എക്സിബിഷനും അതോടൊപ്പം പ്രത്യേകമായി ആഭ്യന്തര എക്സിബിഷനും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി സംസ്ഥാനത്ത് കഴിഞ്ഞ വർഷം എവിടെയൊക്കെ കയർഫെസ്റ്റ് പ്രദർശനവും വിൽപ്പനയും നടത്തി എന്നറിയിക്കാമോ; | (ബി) 2010 ൽ നടത്തിയ വിവിധ കയർഫെസ്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ആലപ്പുഴ കയർഫെസ്റ്റ് - 19/6/10 മുതൽ 23/6/2010 വരെ<br>അമ്പലപ്പുഴ ഫെസ്റ്റിവൽ - 16/7/10 മുതൽ 19/7/10 വരെ<br>മാരാരിക്കുളം തീരോത്സവം-2010 - 2/7/10 മുതൽ 9/7/10 വരെ<br>വയലാർ കയർഫെസ്റ്റ് - 1/8/10 മുതൽ 3/8/10 വരെ<br>മലബാർ കയർഫെസ്റ്റ് - 12/8/10 മുതൽ 22/8/10 വരെ |

| | |
|---|---|
| (സി) ഇത്തരം വിപണനമേളകളിലൂടെ എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്; | (സി) കയർ ഉൽപ്പന്നങ്ങളുടെയും പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പരമാവധി പ്രചാരണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്. വിൽപ്പനയ്ക്ക് ലക്ഷ്യം നിർണ്ണയിച്ചിരുന്നില്ല. |
| (ഡി) ഈ ലക്ഷ്യം കൈവരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ഡി) വർദ്ധിച്ച ജനപങ്കാളിത്തം എല്ലാ മേളകളിലും ഉണ്ടായിട്ടുണ്ട്. വിൽപ്പനയുടെ കണക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ലക്ഷ്യം കൈവരിച്ചു എന്നാണ് പങ്കെടുത്ത സ്ഥാപനങ്ങളുടെ പ്രതികരണം സൂചിപ്പിക്കുന്നത്. |
| (ഇ) ജില്ലാ തലങ്ങളിലും മറ്റ് പ്രധാന നഗരങ്ങളിലും ഇത്തരം കൂടുതൽ മേളകൾ സംഘടിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഇ) ഉണ്ട്.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 285      23-02-2011- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര മുന്നേറ്റത്തിനുമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്/നടപ്പിലാക്കി വരുന്നു. |

എ. നെല്ല് :-

1. ഭക്ഷ്യസുരക്ഷാ പദ്ധതി
2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
3. പലിശരഹിത വായ്പ
4. നെല്ല് സംഭരണം, റൈസ് മില്ലുകൾ
5. നെൽകൃഷി ഇൻഷ്വറൻസ്
6. പാഡി ബോർഡ് രൂപീകരണം
7. നെൽകർഷകർക്ക് ഗ്രീൻ കാർഡ്
8. നെൽവയൽ നീർത്തട സംരക്ഷണ നിയമം
9. തരിശുഭൂമി കൃഷി
10. കരനെല്ല് കൃഷി

ബി. കേരകൃഷി:-

1. നാളികേര വികസനത്തിനായി പ്രത്യേക കേരശ്രീ പദ്ധതി
2. കൂമ്പു ചീയൽ നിയന്ത്രണത്തിന് പ്രത്യേക പാക്കേജ്
3. തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി
4. കേന്ദ്രാവിഷ്കൃത തെങ്ങ് കൃഷി സംയോജിത പദ്ധതി
5. കൊപ്ര, പച്ചതേങ്ങ സംഭരണം
6. കേര ഇൻഷ്വറൻസ് പദ്ധതി

സി. പച്ചക്കറി കൃഷി:-

1. ഹരിതശ്രീ പദ്ധതി
2. വിലക്കയറ്റം തടയാൻ ഓണ വിപണിയും ഗ്രാമീണ വിപണിയും, കിറ്റ്വിതരണവും
3. ആയിരം പച്ചക്കറി ഗ്രാമങ്ങൾ

4. നൂറ് വിദ്യാലയങ്ങളിലും, നഗരങ്ങളിൽ 2 സെന്റിലും കൃഷി ചെയ്യാൻ 25000 യൂണിറ്റുകൾ ആരംഭിച്ചു.
5. 25 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്തു. ഒന്നാം കൃഷി വിദ്യാലയങ്ങളിലെ കൃഷി എന്നിവ വിപുലീകരിച്ചു

ഡി. കർഷക പക്ഷ പ്രവർത്തനങ്ങൾ:-

1. കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു
2. ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് 50,000 രൂപ നിരക്കിൽ സമാശ്വാസ സഹായം നല്കി
3. വിദർഭ മോഡൽ പാക്കേജിനായി മൂന്ന് ജില്ലകളിൽ 113.64 കോടി രൂപ നല്കി
4. നെല്ല് കർഷകർക്ക് പെൻഷൻ - കിസാൻ അഭിമാൻ
5. അഞ്ചു ലക്ഷം പേർക്ക് സൗജന്യ 'കിസാൻ ശ്രീ' ഇൻഷ്വറൻസ് പദ്ധതി
6. കർഷക ഭവനം സ്ഥാപിച്ചു.
7. നെല്ലിയാമ്പതിയിൽ നാഷണൽ ഹോർട്ടികൾച്ചർ ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചു.
8. കാർഷിക ഉപദേശക സമിതികൾ പുന:സംഘടിപ്പിച്ചു.
9. കർഷകർക്കായി ടോൾ ഫ്രീ ടെലിഫോൺ (18004254718)
10. കൃഷി അറിവ് പ്രായോഗികതലത്തിൽ എത്തിക്കുവാൻ 'സമേതി' ഇൻസ്റ്റിറ്റ്യൂട്ട്
11. 4 വർഷമായി മുടങ്ങികിടന്ന കാർഷിക അവാർഡുകൾ നല്കി
12. ധന്വന്തരി ഗ്രാമം, ഹരിതയോരം, ഫലശ്രീ എന്നീ നൂതന പദ്ധതികൾ നടപ്പിലാക്കി
13. സംസ്ഥാന കാർഷികോത്സവം, ഹണിഫെസ്റ്റ്, മാംഗോഫെസ്റ്റ്, അരിശ്രീ-നെൽകർഷകരുടെ സംഗമം. ഹോർട്ടി എക്സ്പോ, എന്നിവ സംഘടിപ്പിക്കുകയും ജന പങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമാകുകയും ചെയ്തു.
14. സീഡ് അതോറിറ്റി മുഖേന കർഷകർക്ക് യഥാസമയത്ത് നല്ല വിത്ത് വിതരണം ചെയ്തു.

കാർഷികവൃത്തി ആദായകരമാക്കുന്നതിനും കൂടുതൽ പേരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും സർക്കാർ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

ബി) സമഗ്രവും, സുതാര്യവും, ജനകീയവും, കൂട്ടായ്മകളിലധിഷ്ഠിതവുമായ ഒരു കാർഷിക വികസന തന്ത്രത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ പദ്ധതികളുടെ നടത്തിപ്പിലൂടെ യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സി) കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

സി) കടബാദ്ധ്യത മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഉള്ളതും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും, അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനും വേണ്ടി കേരള സംസ്ഥാന കർഷക കടാശ്വാസ . കമ്മീഷൻ സർക്കാർ രൂപീകരിക്കുകയുണ്ടായി. കമ്മീഷനിൽ നിന്നും ലഭ്യമായ അന്തിമ ഉത്തരവുകൾ പ്രകാരം 31.01.11 വരെ 33.79 കോടി രൂപ കടാശ്വാസമായി സർക്കാർ അനുവദിച്ചിട്ടുണ്ട് 24,795 കർഷകർക്ക് കടാശ്വാസം അനവദിക്കുവാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ശുപാർശ പ്രകാരം വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷിഭൂമിയുള്ള കർഷകരുടെ സഹകരണ ബാങ്കുകളിലെ/സംഘങ്ങളിലെ 25000/- രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത ഏറ്റെടുത്ത് 14.38 കോടി രൂപ കടാശ്വാസം അനുവദിച്ചതിലൂടെ 32472 കർഷക അക്കൗണ്ടുകളിന്മേൽ കടാശ്വാസം അനുവദിച്ചിട്ടുണ്ട്. കാർഷിക മേഖയെ ചുഴന്ന് നിന്നിരുന്ന വലിയൊരു ദുരന്തം കർഷക ആത്മഹത്യകളായിരുന്നു. കാർഷിക കടങ്ങളിന്മേൽ കടാശ്വാസം അനുവദിക്കുകയും കർഷകപക്ഷ പദ്ധതികൾ നടപ്പാക്കുകയും ചെയ്തതുവഴി സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ഇല്ലാതായിക്കഴിഞ്ഞു. കാർഷിക കടങ്ങളിന്മേൽ കടാശ്വാസം അനുവദിച്ചതുമൂലം കർഷകർക്ക് വീണ്ടും കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നതിന് സാധിക്കുകയും ഈ മേഖലയിൽ പുത്തൻ ഉണർവ് പകരാൻ സാധിക്കുകയും ചെയ്തു.

| | | |
|---|---|---|
| നെൽകൃഷിക്കാർക്കായി സർക്കാർ ആവിഷ്ക്കരിച്ച ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | ഡി) | നെൽകർഷകർക്ക് മാത്രമായി 5 കോടി രൂപയുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓരോ കർഷകനും ഹെക്ടറിന് 100 രൂപ പ്രീമിയം നൽകി അംഗമാകുകയും നഷ്ടം വരുന്ന സമയങ്ങളിൽ ഹെക്ടറിന് 12,500 രൂപ നൽകുന്നതിനും ആണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13,696 നെൽകർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ ഇപ്പോൾ നൽകി വരുന്നു. |

Ramlath

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപര്‍. 286

23.2.2011 ല്‍
മറുപടി ക്ക്

കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോര്‍പ്പറേഷന്റെ ആധുനികവല്‍ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി. രാഘവന്‍<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. ആനത്തലവട്ടം ആനന്ദന്‍ | ശ്രീ. പി.കെ. ഗുരുദാസന്‍<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോര്‍പ്പറേഷന്റെ ആധുനികവല്‍ക്കരണത്തിനായി സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കുമോ; | (എ) സംസ്ഥാന കശുവണ്ടി വികസന കോര്‍പ്പറേഷന്റെ ആധുനികവല്‍ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ ചുവടെ ചേര്‍ക്കുന്നു.<br>(1) കോര്‍പ്പറേഷന്റെ ബാങ്ക് ബാധ്യതകള്‍ ഗവണ്‍മെന്റ് ഏറ്റെടുത്തതിന്റെ മൂന്നാമത്തെ ഇന്‍സ്റ്റാള്‍മെന്റ് നല്‍കുന്നതിനായി സര്‍ക്കാര്‍ 22.32 കോടി രൂപ 2006-07 വര്‍ഷം നല്‍കി.<br>(2) കോര്‍പ്പറേഷന്‍ തൊഴിലാളികള്‍ക്ക് 2006 വര്‍ഷത്തെ ബോണസ് നല്‍കുന്നതിനും കോര്‍പ്പറേഷന്റെ പ്രവര്‍ത്തന മൂലധനവുമായി 2006-07 വര്‍ഷം 11 കോടി രൂപ നല്‍കി. ഇപ്രകാരം കശുവണ്ടി തൊഴിലാളികള്‍ക്ക് തുടര്‍ച്ചയായി ജോലി നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്.<br>(3) 2007—2008 സാമ്പത്തിക പദ്ധതിയിലുള്‍പ്പെടുത്തി കശുവണ്ടി വികസന കോര്‍പ്പറേഷന് തോട്ടണ്ടിവാങ്ങാന്‍ 16 കോടി രൂപ അനുവദിച്ചു.<br>(4) കോര്‍പ്പറേഷന്‍ ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവര്‍ത്തനങ്ങള്‍ക്കുമായി 2007-08, 2008-09 വര്‍ഷങ്ങളിലായി അനുവദിച്ച 18.47 കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്നു.<br><br>(5) തൊഴിലാളികള്‍ക്ക് ഗ്രാറ്റുവിറ്റി നല്‍കുന്നതിനായി 2008-2009 സാമ്പത്തിക വര്‍ഷം 5 കോടി രൂപയും 2009-10 വര്‍ഷം 8 കോടി രൂപയും 2010-11 വര്‍ഷം 20.40 |

കോടി രൂപയും നൽകി.
6. 2008-09 സാമ്പത്തിക വർഷം നബാർഡിൽ നിന്നും 26 ലക്ഷം രൂപ കോർപ്പറേഷൻ ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് അനുവദിച്ചു.
7. 2009-10 സാമ്പത്തിക വർഷം കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണം കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, നവീന പാക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപ അനുവദിച്ചു.
8. 2010-11 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ Rejuvenation- നു വേണ്ടി (Cashew procurment centre) 15 കോടി രൂപാ അനുവദിച്ചു.
9. 2010-11 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി കശുവണ്ടി വ്യവസായ പുനരുജ്ജീവനത്തിനും, കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ആധുനിക പാക്കിംഗ് രീതികൾ ഏർപ്പെടുത്തുന്നതിനും 14 കോടി രൂപ അനുവദിച്ചു.
10. കശുവണ്ടി വികസന കോർപ്പറേഷന് ഇന്റർനാഷണൽ ബ്രാൻഡ് ബിൽഡിംഗിന് (ഒറ്റത്തവണ അധിക കേന്ദ്ര സഹായം) 2 കോടി രൂപാ അനുവദിച്ചു.

**കശുവണ്ടി വികസന കോർപ്പറേഷന്റെ പരിപോഷണത്തിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കോർപ്പറേഷൻ <u>സ്വീകരിച്ചിട്ടുള്ള</u> മറ്റ് നടപടികൾ ചുവടെ ചേർക്കുന്നു:**

11. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെയും 2010-11 സാമ്പത്തിക വർഷം നാളിതുവരെ 247 ദിവസത്തെയും തുടർച്ചയായി ജോലി നൽകി വരികയാണ്.
12. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.

(13) നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സിപാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ 'വിപണിയിൽ ഫ്ലക്സി പാക്കിംഗ് പരിപ്പിനാണ് മാർക്കറ്റുള്ളത്.

14. കോർപ്പറേഷൻ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(15) CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(16) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും, ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്ക് 7500 ഓളം തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്.

17. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതികവിദ്യസ്വായത്തമാക്കുന്നതിലേയ്ക്ക് കോർപ്പറേഷനിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടത്തി വരുന്നു.

18. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്.

19. കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

20. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്പമെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

21. കശുവണ്ടി വികസന കോർപ്പറേഷൻ അമുൽ, എസ്.റ്റി.സി. എന്നീസ്ഥാപനങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

22. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് CDC cashews എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നതിന് ഫ്രാഞ്ചൈസികളും ഔട്ട്ലറ്റുകളും പുതുതായി സ്ഥാപിച്ചിട്ടുള്ളതും, കൂടാതെ ആഭ്യന്ത മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെയും, മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടേയും വിൽപ്പന വിപുലീകരിക്കുന്നതിനായി പൊതു വിപണിയിൽ പരിചയപ്പെടുത്തി ഇൻഡ്യ ഒട്ടാകെ വിൽപ്പന വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബായിൽ എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരികയാണ്. കൂടാതെ റഷ്യ ചൈന എന്നീ രാജ്യങ്ങളിലേയ്ക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; 2006-07 മുതലുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|
| 2006-07(18.05.2006 മുതൽ) | 149 ദിവസം |
| 2007-08 | 165 " |
| 2008-09 | 209 " |
| 2009-10 | 284 " |
| 2010-11 | 247 നാളിതുവരെ |

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷനിൽ പുതുതായി എത്ര തൊഴിലാളികളെ ഈ കാലയളവിൽ റിക്രൂട്ട് ചെയ്തു എന്ന് വെളിപ്പെടുത്തുമോ; | (സി) | കശുവണ്ടി വികസന കോർപ്പറേഷൻ ഈ കാലയളവിൽ 7500-ഓളം തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുണ്ട്. |
| (ഡി) | കോർപ്പറേഷൻ പുതുതായി മാർക്കറ്റിൽ ഇറക്കിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി നേടാൻ കഴിഞ്ഞിട്ടുണ്ടോ ; | (ഡി) | കോർപ്പറേഷൻ പുതുതായി വിപണിയിൽ ഇറക്കിയിട്ടുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ കാഷ്യു പൗഡർ, കാഷ്യു വിറ്റ, കാഷ്യു സൂപ്പ്, കാഷ്യു ബിറ്റ്സ് എന്നിവയാണ്. ഈ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട ആഭ്യന്തര വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതാണ്. ഈ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ദുബായ് എം.കെ. ഗ്രൂപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരികയാണ്. |
| (ഇ) | കാപെക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (ഇ) | കാപെക്സിന്റെ വികസനത്തിനും കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഓരോ ബഡ്ജറ്റിലും സർക്കാർ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. 2006-07-ൽ 510 ലക്ഷവും, 2007-08-ൽ 1130 ലക്ഷം രൂപയും 2008-09-ൽ 833 ലക്ഷവും 2009-10-ൽ 1600 ലക്ഷം രൂപയും ആധുനികവൽക്കരണത്തിനും, പുനഃരുദ്ധാരണത്തിനും , നാടൻ തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനും ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുമായി പ്ലാൻ, നോൺ പ്ലാൻ, കണ്ടിജൻസി ഫണ്ടുകളിലായി കാപെക്സിന് അനുവദിച്ചു. 2010-11-ൽ 1816 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>2006-07-ൽ നൽകിയ 1,10,56,000/- രൂപ കൊണ്ട് കാപെക്സ് ഫാക്ടറികൾ ഏറ്റെടുക്കുകയും 2007-08, 2008-09 വർഷങ്ങളിൽ ഗ്രാറ്റുവിറ്റിയ്ക്കായി നൽകിയ 3 കോടി രൂപ കൊണ്ട് 1998 മുതൽ 2004 വരെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകി. 2010-ൽ നൽകിയ 116 ലക്ഷം രൂപ കൊണ്ട് 2006 വരെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകി. |

കാപെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളികൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർ നിർമ്മിക്കുകയും ചെയ്തു. ഉയരവും വായുസഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ , തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്ക വിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ലക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ്-ആന്റ് സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ലക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും, പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണത്തോടു കൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 35 മെട്രിക് ടണ്ണിൽ നിന്നും 54 മെട്രിക് ടണ്ണായി ഉയർത്തുകയും പ്രൊഡക്ഷൻ കപ്പാസിറ്റി 45% ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

2008-ൽ കാപെക്സിന്റെ സർവ്വകാല റിക്കോർഡായ 210 തൊഴിൽ ദിനങ്ങളും 2009-ൽ 214 തൊഴിൽ ദിനങ്ങളും നൽകുവാൻ സാധിച്ചു. 2010-ൽ 260 തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു.

കാപെക്സിന്റെ നവീന പാക്കിംഗ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക രീതിയിലുള്ള ഫ്ലക്സി പാക്കിംഗ് മെഷ്യൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിക്കായുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതനമായ സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം വളരെ കർക്കശമായ ശുചിത്വവും, ഉല്പാദന ക്ഷമതയും ലഭിച്ചു വരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അത്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷ്യനും പാക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

കാപെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ

കൂടാതെpeppercoated,chillycoatedപരിപ്പുകളുംവിവിധ ഗ്രേഡുകളായി തരം തിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ ഇറക്കി യിട്ടുണ്ട്.

| | | | |
|---|---|---|---|
| എഫ്) | കാപെക്സിന്റെ ഉല്പാദനരംഗത്ത് എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | എഫ്) | കാപെക്സിൽ 2007-08-ൽ 3520 മെട്രിക് ടൺ തോട്ടണ്ടിയാണ് പ്രോസസ് ചെയ്തത്. ഇത് 2008-09-ൽ 6732 മെട്രിക് ടൺ ആവുകയും, 2009-10-ൽ 8504 മെട്രിക് ടൺ ആയും വർദ്ധിച്ചിട്ടുണ്ട്. 2007-08-ലെ ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ 2009-10-ൽ ഏകദേശം 141.6% ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനെഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം : 287

23-02-2011 - ൽ മറുപടിയ്ക്ക്

തൊഴിലില്ലായ്മ വേതന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. സിടി. അഹമ്മദ് അലി<br>ശ്രീ. എം. ഉമ്മർ. | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിലില്ലായ്മ വേതന പദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ ഏതെങ്കിലും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ ഭാഗമാക്കാനുള്ള കർമ്മ പദ്ധതിയെന്തെങ്കിലും തയ്യാറാക്കുന്നുണ്ടോ? | (സി) നിലവിൽ പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 288

23.02.2011-ൽ മറുപടിയ്ക്ക്

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിന് കൺസ്യൂമർ ഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിന് കൺസ്യൂമർ ഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിലും പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്ന അവസരങ്ങളിലും വിപണിയിൽ ഇടപെട്ട് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും, സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും, നീതി സ്റ്റോറുകളിലൂടെയും മാർക്കറ്റ് വിലയേക്കാൾ 15% മുതൽ 70% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.<br>ത്രിവേണി സ്റ്റോറുകളിലൂടെ മാത്രം ഇക്കാലയളവിൽ 700 കോടിയോളം രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്. പൊതു വിപണിയേക്കാൾ 15% മുതൽ 25% വരെ വിലക്കുറവിലാണ് സാധനങ്ങൾ വിപണനം നടത്തുന്നത് എന്നതിനാൽ 150 കോടിയോളം രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ഇതിലൂടെ ലഭിച്ചിട്ടുണ്ട്. പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയുമുള്ള വിൽപനയിലൂടെ 367.32 കോടി രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ വിലക്കയറ്റ വിരുദ്ധചന്തകൾ നടത്തുന്ന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ദിവസം പ്രത്യേക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു; എത്ര വിപണന കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത് ; | (ബി) | ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ വിലക്കയറ്റ വിരുദ്ധ ചന്തകൾ നടത്തുന്ന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം 352 ദിവസം പ്രത്യേക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 49642 വിപണന കേന്ദ്രങ്ങളാണ് ഇപ്രകാരം പ്രവർത്തിച്ചത്. |
| (സി) | സാധനങ്ങൾ വിലകുറച്ചു നൽകിയതിലൂടെ ജനങ്ങൾക്ക് എത്ര രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | (സി) | ഈ സർക്കാരിന്റെ കാലത്ത് പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ 367.32 കോടി രൂപയുടെ നേരിട്ടുള്ള സാമ്പത്തിക നേട്ടം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫെഡറേഷന്റെ ഈ നടപടി പൊതുവിപണിയിൽ ശക്തമായ പ്രതിഫലനം ഉണ്ടാക്കിയതിലൂടെ ഉപഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക നേട്ടം കണക്കാക്കിയിട്ടില്ല. |
| (ഡി) | ത്രിവേണി സ്റ്റോറുകളിലേയും മറ്റ് വിപണന കേന്ദ്രങ്ങളിലേയും നിത്യോപയോഗസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ സാമ്പിളുകൾ വ്യാപാര രംഗത്ത് പരിചയ സമ്പന്നരായ അംഗങ്ങൾ അടങ്ങുന്ന കേന്ദ്ര / റീജിയണൽ പർച്ചേയ്സ് കമ്മിറ്റികളുടെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷമാണ് സപ്ലൈക്കുള്ള ഓർഡറുകൾ നൽകുന്നത്. സാമ്പിൾ ആയി നൽകിയ ഗുണനിലവാരമുള്ള സാധനങ്ങൾ തന്നെയാണ് സപ്ലൈ ചെയ്യുതെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ത്രിവേണി സ്റ്റോറുകളിലും മറ്റ് വിപണന കേന്ദ്രങ്ങളിലും സാധനങ്ങൾ സ്വീകരിക്കുന്നത്. കൂടാതെ വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണ നിലവാരം, വിൽപ്പന യൂണിറ്റുകളിൽ തുടർച്ചയായി നടത്തുന്ന ഇൻസ്പെക്ഷനുകളിൽ പ്രാമുഖ്യം നൽകി പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 289      23.02.2011 ൽ മറുപടിയ്ക്ക്

വൈദ്യുതി അപകടങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.കെ..കെ.ജയചന്ദ്രൻ<br>ശ്രീ.കെ..സി.രാജഗോപാലൻ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |

എ. സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

എ. സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ കുറഞ്ഞുവരുന്നതായാണ് രേഖകൾ സൂചിപ്പിക്കുന്നത്.

| വർഷം | വൈദ്യുതി അപകടങ്ങൾ |
|---|---|
| 2007-08 | 498 |
| 2008-09 | 506 |
| 2009-10 | 436 |

വിശദാംശം അനുബന്ധമായി ചേർക്കുന്നു.

ബി. ഇത് തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

ബി. എല്ലാവർഷവും മെയ് മാസം 1 മുതൽ 7 വരെ സംസ്ഥാന വ്യാപകമായി വൈദ്യുതി സുരക്ഷാ വാരമായി ആഘോഷിക്കുന്നുണ്ട്. ചീഫ് ഇല. ഇൻസ്പെക്ടറേറ്റിന്റെ നേതൃത്വത്തിൽ KSEB ,EMC, ANERT, BIS എന്നിവരുമായി ചേർന്ന് ബോധവൽക്കരണ നടപടികൾ ആചരിക്കുന്നു.വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും ക്ലാസ്സുകൾ നടത്തിയും സുരക്ഷാചട്ടങ്ങൾ പാലിക്കേണ്ട ആവശ്യകതയെപ്പറ്റി പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനും മാധ്യമങ്ങളിലൂടെ വൻപ്രചാരണം നല്കുന്നതിനും വൈദ്യുതി സുരക്ഷയെ സംബന്ധിച്ച ബാനറുകൾ , ബോർഡും പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിച്ചും , ലഘുലേഖകൾ ക്യാഷ് കൗണ്ടറുകളിൽ കൂടിയും മറ്റും വിതരണം ചെയ്തും പഞ്ചായത്തുകളിലും കുടുംബശ്രീ മീറ്റിംഗുകളിലും സ്കൂളുകളിലും സുരക്ഷാ ക്ലാസ്സുകൾ സംഘടിപ്പിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഫീൽഡ് ആഫീസർമാർക്ക് നല്കിയിട്ടുണ്ട്.

സി. വൈദ്യുതി പണികൾക്കിടയിൽ ലൈൻമാൻമാർ അപകടത്തിൽപ്പെടുന്ന കേസ്സുകൾ അടുത്ത കാലത്ത് വർദ്ധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

സി. വൈദ്യുതി പണികൾക്കിടയിൽ ലൈൻമാൻമാർ അപകടത്തിൽപ്പെടുന്ന കേസ്സുകളുടെ കഴിഞ്ഞ 3 വർഷങ്ങളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | മാരകം | മാരകമല്ലാത്തത്(നിസ്സാരപരിക്കുകൾ ഉൾപ്പെടെ) |
|---|---|---|
| 2008 | 18 | 20 |
| 2009 | 20 | 89 |
| 2010 | 14 | 123 |

പ്രസ്തുത വർഷങ്ങളിലെ മാരകമായ അപകടങ്ങളുടെ എണ്ണം താരതമ്യം ചെയ്യുമ്പോൾ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. എന്നാൽ മാരകമല്ലാത്ത (നിസ്സാരപരിക്കുകൾ ഉൾപ്പെടെയുള്ളവ) അപകടങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഡി. വൈദ്യുതി വകുപ്പിലെ പ്രസരണ വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ;

ഡി. വൈദ്യുതി വകുപ്പിലെ പ്രസരണ വിഭാഗം ജീവനക്കാർക്ക് സുരക്ഷ സംബന്ധിച്ച് മികച്ച പരിശീലനമാണ് നൽകി വരുന്നത്. വൈദ്യുത ബോർഡിൽ നടക്കുന്ന എല്ലാവിധ Induction training ലും സുരക്ഷ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ദിവസത്തേയും രണ്ട് ദിവസത്തേയും പ്രത്യേക സുരക്ഷാ ട്രെയിനിംഗുകളും നടത്തിവരുന്നു.

ഇ. വൈദ്യുതി സുരക്ഷാ സന്ദേശം ജനങ്ങളിലെത്തിക്കാൻ വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്നറിയിക്കുമോ ?

ഇ. വൈദ്യുതി സുരക്ഷാവാരാചരണക്കാലയളവിൽ വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെയും വൈദ്യുതി ജീവനക്കാരെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യാറുമുണ്ട്. ഇതിനു പുറമേ കെ.എസ്.ഇ ബോർഡ് പങ്കെടുക്കുന്ന എക്സിബിഷനുകളിൽ വൈദ്യുതി സുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്ന വിവിധതരം പ്രദർശന വസ്തുക്കൾ ഒരുക്കാറുണ്ട്. ചീഫ് ഇല. ഇൻസ്പെക്ടറേറ്റ് ഓരോ വർഷവും വൈദ്യുതിമേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുടെ സഹായത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 290

23.2.2011 ൽ മറുപടിയ്ക്ക്

'നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ'

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | : | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിന് വേണ്ടി എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എ) വിവിധ പദ്ധതികളിലൂടെ ആനുകൂല്യം നൽകിക്കൊണ്ടും തരിശ്നില കൃഷി, കരനെൽകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക വഴി നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

**2009 -10:**

| പദ്ധതി | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|
| 1. സുസ്ഥിര നെൽകൃഷി വികസനം | 2350.00 |
| 2. കേന്ദ്ര നെൽകൃഷി വികസന പദ്ധതി | 860.50 |
| 3. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ നെൽകൃഷിക്കു മാത്രമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 3141.026 |

| | |
|---|---|
| 4. നെല്ല് സംഭരണം (സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം) | 6400.00 |
| 5. കിസാൻ അഭിമാൻ പദ്ധതി | 328.704 |
| 6. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി(പാലക്കാട് ജില്ലയിൽ മാത്രം) | 277.72 |
| 7. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി | 164.90 |
| 8. ഉല്പാദന ബോണസ് | 939.26 |
| 9. നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി | 4090.924 |

2010-11 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | 31.1.2011 വരെ ചെലവഴിച്ച തുക(ലക്ഷം രൂപ) |
|---|---|
| 1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി | 2337.62 |
| 2. കേന്ദ്ര നെൽകൃഷി വികസന പദ്ധതി | 439.43 |
| 3. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി | 442.70 |
| 4. രാഷ്ട്രീയ കൃഷി വികാസ് യോജന | 1206.00 |
| 5. കിസാൻ അഭിമാൻ | 451.968 |

| | |
|---|---|
| 6. നെല്ല് സംഭരണം | 1525.51 |
| 7. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ(പാലക്കാട് ജില്ലയിൽ മാത്രം) | 188.85 |
| 8. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി | 25.00 |
| 9. ഉല്പാദന ബോണസ് | 1000.00 |
| 10. നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്കുള്ള സൗജന്യ വൈദ്യുതി | 2400.00 |

(ബി) തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജല സംരക്ഷണത്തിലൂടെ കൃഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കി ; പലിശ രഹിത വായ്പ, സബ്സിഡി ഇനങ്ങളിൽ എന്ത് തുക ചെലവഴിച്ചു എന്നിവ വെളിപ്പെടുത്തുമോ ;

(ബി) ജല സംരക്ഷണം ഉറപ്പു വരുത്തുന്നതിന് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി, അതുവഴി തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005-06 മുതൽ 2010-11 കാലയളവിൽ (31.1.2011 വരെ) 43575 ഹെക്ടർ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കി. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയിൽ 100 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ എത്ര ടൺ നെല്ല് സംഭരണം നടത്തി ; അതിന് കേന്ദ്ര നിരക്കിനേക്കാൾ എന്ത് തുക അധികം നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം 2009-10 ൽ 43552.67 മെട്രിക് ടൺ നെല്ലും 2010-11 ൽ 196096.65 മെട്രിക് ടൺ നെല്ലും സംഭരിക്കുകയുണ്ടായി. ഇതിനു പുറമെ 2010 ജനുവരി മുതൽ നാളിതുവരെ കൺസ്യൂമർ ഫെഡറേഷൻ 56110 ക്വിന്റൽ നെല്ല് സംഭരിച്ചു. കിലോഗ്രാമിന് 12 രൂപാ നിരക്കിലാണ് നെല്ല് സംഭരണം നടത്തിയത്.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2009-10 ൽ കേന്ദ്ര നിരക്കിനേക്കാൾ കിലോഗ്രാമിന് 2 രൂപ അധികം നൽകിയും 2010-11 ൽ കിലോഗ്രാമിന് 3 രൂപ അധികം നൽകിയുമാണ് നെല്ല് സംഭരണം നടത്തിയത്. കൺസ്യൂമർ ഫെഡറേഷൻ കേന്ദ്ര നിരക്കിനേക്കാൾ കിലോഗ്രാമിന് 2 രൂപ അധികം നൽകിയാണ് 2010 ജനുവരി മുതൽ നെല്ല് സംഭരണം നടത്തിയത്.

(ഡി) ഇതിന് വേണ്ടി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ഡി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 137.49 കോടി രൂപയും കൺസ്യൂമർ ഫെഡറേഷൻ 6.7332 കോടി രൂപയും നെല്ല് സംഭരണത്തിനായി ചെലവഴിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **291** — **23/2/2011** ൽ മറുപടിയ്ക്ക്

<u>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി. കളുടെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ. പുരുഷോത്തമൻ<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.ആർ. സെൽവരാജ് | ശ്രീ. എ.കെ.ബാലൻ<br>(പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഐ.ടി.സി.കൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ എത്രയെണ്ണം മോഡൽ റസിഡൻഷ്യൽ ഐ.ടി.സി.കളാക്കി മാറ്റിയിട്ടുണ്ട് ;

(എ) & (ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.സി.കൾ പ്രവർത്തിക്കുന്നു. ഇതിൽ നടപ്പ് അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിച്ച 3 ഐ.റ്റി.സി.കൾ ഒഴിച്ചുള്ള 41 ഐ.റ്റി.സി.കൾക്കും നാഷണൽ സർട്ടിഫിക്കറ്റ് ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി.) അഫിലിയേഷൻ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ 3 ഐ.റ്റി.സി. കൾക്കും സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് സർട്ടിഫിക്കറ്റ് ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

എല്ലാ ഐ.റ്റി.സി.കളിലും എൻ.സി.വി.റ്റി. നോംസിന്റെ അടിസ്ഥാനത്തിലുള്ള പഠനോപകരണങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കു പുറമെ ആധുനിക പഠനോപകരണങ്ങളും മെഷീനറികളും ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനികളുടെ പഠനനിലവാരവും ഐ.റ്റി.സി.കളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഐ.റ്റി.സി.കളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിച്ച ഐ.റ്റി.സി.കളിൽ പഠിയ്ക്കുന്ന ട്രെയിനികൾക്ക് തങ്ങൾ പ്രാവീണ്യം നേടുന്ന ട്രേഡുകൾക്കൊപ്പം കമ്പ്യൂട്ടർ പരിശീലനം കൂടി നൽകുന്നതിനായി ഐ.റ്റി. ലിറ്ററസി കോഴ്സ്

ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിന് പരാജയപ്പെടുന്ന ട്രെയിനികൾക്കായി ഐ.റ്റി.സി.കളിൽ ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രെയിനികൾക്ക് നിലവാരമുള്ള പരിശീലനം ലഭിക്കുന്നതിനായി ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർക്ക് ഡി.ജി.ഇ.റ്റി യുടെ കീഴിലുള്ള ഹൈദരാബാദിലെ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ച് പരിശീലനം നൽകുന്നു. കൂടാതെ എല്ലാ അദ്ധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനവും നൽകിയിട്ടുണ്ട്.

നടപ്പ് അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ച പുതിയ 3 ഐ.റ്റി.സി.കൾ ഒഴിച്ചുള്ള 41 ഐ.റ്റി.സി.കളിലും ടെലഫോൺ കണക്ഷൻ, ഇന്റർനെറ്റ് സംവിധാനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഐ.റ്റി.സി.കളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.റ്റി.സി.കളിൽ നിന്ന് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് പഠിച്ച ട്രേഡുകളിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ് സ്കീം, അഡീഷണൽ അപ്രന്റീസ് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ടൂൾ കിറ്റ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, പത്തനംതിട്ട ജില്ലയിൽ പന്തളം, ഐക്കാട്, കൊല്ലം ജില്ലയിൽ ഓച്ചിറ, കുളക്കട, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, തൃശ്ശൂർ ജില്ലയിൽ എങ്കക്കാട്, പാലക്കാട് ജില്ലയിൽ മംഗലം എന്നീ 8 ഐ.റ്റി.സി.കളെ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.സി.കളാക്കി മാറ്റി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി മര്യാപുരം, പന്തളം എന്നീ ഐ.റ്റി.സി.കളിൽ പഠനപരിശീലന കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. മറ്റു ഐ.റ്റി.സി.കളിൽ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ആദ്യകാലത്ത് ആരംഭിച്ച ഐ.റ്റി.സി.കളിൽ നിലവിൽ പരിശീലനം നൽകിവരുന്ന, ആധുനിക കാലഘട്ടത്തിന് യോജിക്കാത്തതായ ട്രേഡുകൾ മാറ്റി പകരം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും സ്ഥലസൗകര്യമുള്ള ഐ.റ്റി.സി.കളിൽ നിലവിലുള്ള ട്രേഡുകൾക്കൊപ്പം കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ എലത്തൂർ, പാലക്കാട് ജില്ലയിൽ മംഗലം എന്നീ 2 ഐ.റ്റി.സി.കൾ 'Up gradation of ITCs through Public Private Partnership' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഐ.ടി.സി.കളിൽ എത്ര ട്രേഡുകൾ പഠിപ്പിക്കുന്നു ; പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഐ.റ്റി.സി.കളിൽ നിലവിലുള്ള ട്രേഡുകൾ ചുവടെ ചേർക്കുന്നു.

1. മെക്കാനിക് റേഡിയോ ആന്റ് ടെലിവിഷൻ
2. ഇലക്ട്രോണിക് മെക്കാനിക്
3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
4. ഇലക്ട്രീഷ്യൻ
5. സർവ്വേയർ
6. മെക്കാനിക് മോട്ടോർ വെഹിക്കിൾ
7. പെയിന്റർ (ജനറൽ)
8. പ്ലംബർ
9. കട്ടിംഗ് ആന്റ് ടെയിലറിംഗ്
10. വെൽഡർ
11. കാർപ്പെന്റർ
12. ഡ്രൈവർ-കം-മെക്കാനിക്

കൂടാതെ വർക്കല ഐ.റ്റി.സി.യിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ് എന്ന ട്രേഡു കൂടി പുതുതായി ആരംഭിക്കുന്നു. ആധുനിക തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, മലപ്പുറം ജില്ലയിലെ കേരളാധീശ്വരപുരം, കോട്ടയം ജില്ലയിലെ മാടപ്പള്ളി, പത്തനംതിട്ട ജില്ലയിലെ പന്തളം, കൊല്ലം ജില്ലയിലെ വെട്ടിക്കവല, തിരുവനന്തപുരം ജില്ലയിലെ ഒര്യാപുരം എന്നീ 6 ഐ.റ്റി.സി. കളിൽ Computer Operator and Programming Assistant (COPA), Data Entry Operator എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

10 ഐ.റ്റി.സി.കളിൽ തൊഴിൽ സാധ്യതയുള്ള ഇൻഫർമേഷൻ ടെക്നോളജി & ഇലക്ട്രോണിക്സ്, സിസ്റ്റം മെയിന്റനൻസ്, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ, ഡീസൽ മെക്കാനിക്, ഇന്റീരിയർ ഡെക്കറേഷൻ & ഡിസൈനിംഗ്, മെക്കാനിക് (കൺസ്യൂമർ ഇലക്ട്രോണിക്സ്), ഫാഷൻ ടെക്നോളജി തുടങ്ങിയ ആധുനിക ട്രേഡുകൾ ആരംഭിക്കുന്നതിനും കൂടുതൽ സ്ഥലസൗകര്യമുള്ള 13 ഐ.റ്റി.സി.കളിൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഐ.ടി.സി.കളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഐ.റ്റി.സി.കളിൽ 80% പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. 10% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 10% ഇതര വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കും പ്രവേശനം നൽകുന്നു.

ഐ.റ്റി.സി.കളിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പരിശീലനം പൂർണ്ണമായും സൗജന്യമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഒന്നാം വർഷം 525 രൂപയും രണ്ടാം വർഷം 400 രൂപയും ലംപ്സംഗ്രാന്റും പ്രതിമാസം 400 രൂപ സ്റ്റൈപ്പന്റുമായി നൽകുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/ഇതര വിദ്യാർത്ഥികളുൾപ്പെടെ എല്ലാ ട്രെയിനികൾക്കും കോഴ്സിനോടനുബന്ധിച്ച് നടത്തുന്ന സ്റ്റഡി ടൂറിന് 1100 രൂപ റ്റി.എ/ഡി.എ ഇനത്തിൽ നൽകുന്നു. കൂടാതെ എല്ലാ ട്രെയിനികൾക്കും 900 രൂപ വർക്കിംഗ് ഡ്രസ്സിനും തയ്യൽക്കൂലിയുമായി നൽകുന്നു. ദൂരസ്ഥലത്തു നിന്നുള്ള ഐ.റ്റി.സി. ട്രെയിനികൾക്കായി ഹോസ്റ്റലുകളിൽ പ്രവേശനത്തിന് 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യമില്ലാത്തിടത്ത് താമസ, ഭക്ഷണ ചെലവുകൾക്കായി 1500 രൂപയും നൽകുന്നു.

വകുപ്പിന്റെ ഐ.റ്റി.സി.കളിൽ നിന്നും വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ട്രെയിനികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ പണിയായുധങ്ങൾ (ടൂൾ കിറ്റ്) വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

—

തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരദിനാഘോഷത്തോടനുബന്ധിച്ച് എല്ലാ വർഷവും പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.റ്റി.സി.കളിൽ പഠിച്ച് ഓരോ ട്രേഡിലും ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ആദ്യ തവണ വിജയിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകി വരുന്നു.

അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ട്രെയിനികൾക്ക് ട്യൂഷനും ഒരു തവണ പരീക്ഷാ ഫീസും വകുപ്പ് നൽകുന്നു. ഐ.റ്റി.ഐ/ഐ.റ്റി.സി പാസ്സാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ട്രെയിനികൾക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യം നേടുന്നതിലേയ്ക്ക് ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നു. ഇവർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. കൂടാതെ ആൾ ഇന്ത്യ അപ്രന്റീസ്ഷിപ്പ് ട്രേഡ് ടെസ്റ്റ് പാസ്സാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് ഒരു വർഷത്തെ അഡീഷണൽ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗും നൽകി വരുന്നു. ഇവർക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു.

| | | | |
|---|---|---|---|
| (ഇ) | ഐ.ടി.സി.കളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുവേണ്ടി പദ്ധതി ആവിഷ്ക്കരിക്കുമോ ? | (ഇ) | വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ഐ.റ്റി.സി.യിൽ അഡ്മിഷൻ നേടുന്ന ട്രെയിനികൾക്ക് പരിശീലനകാലത്ത് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ദൂരസ്ഥലത്തു നിന്നുള്ള ട്രെയിനികൾക്കായി വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യം ഇല്ലാത്തിടത്ത് താമസ, ഭക്ഷണ ചെലവുകൾക്കായി പ്രതിമാസം 1500 രൂപയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 292 — 23.02.2011 ൽ മറുപടിക്ക്

### നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലമായി നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ഗണ്യമായി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ പല മരുന്നുകളും ലഭിക്കുന്നതിന് മരുന്ന് വിതരണക്കാരുടെ സംഘടനയുടെ സ്വാധീനഫലമായി ഉണ്ടായിരുന്ന തടസ്സം നീക്കുന്നതിന് സർക്കാർ ഇടപെടലുകളും കൺസ്യൂമർ ഫെഡറേഷൻ സ്വന്തം നിലയിൽ നടത്തിയ പല പരിശ്രമങ്ങളുടെയും ഫലമായി സാധിച്ചു. തൃശൂർ ജില്ലയിലെ നീതി മെഡിക്കൽ വെയർഹൗസ് പുനസ്ഥാപിച്ച് തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലേയ്ക്കുള്ള മരുന്ന് വിതരണം സുഗമമാക്കുകയും പ്രാദേശിക തലത്തിൽ ആവശ്യമുള്ള പല മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ല എന്ന പരാതി പരിഹരിക്കുന്നതിനായി നിയന്ത്രണ വിധേയമായ ലോക്കൽ പർച്ചേസ് ഏർപ്പെടുത്തുകയും, മാത്രമല്ല ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ആവശ്യമായ അളവിൽ ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുകയും, സെൻട്രലൈസ്ഡ് പർച്ചേസ് സംവിധാനവും, കേന്ദ്രീകൃത ഇൻവെന്ററി കൺട്രോൾ സംവിധാനവും നടപ്പിലാക്കി സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും സ്റ്റോറുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ജീവനക്കാർക്ക് സെയിൽസ് ഇൻസെന്റീവ് അനുവദിച്ചതിലൂടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. കൂടാതെ സംഘങ്ങളുമായി മേഖലാതലത്തിൽ ഓപ്പൺ ഫോറങ്ങൾ നടത്തി സംഘങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തിയതും നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഔഷധങ്ങളുടെ പ്രത്യേകിച്ച് ജീവൻ രക്ഷാ ഔഷധങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി) | ഔഷധ വിതരണക്കാരുടെ സംഘടനയുടെ സമ്മർദ്ദം മൂലം ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ വളരെ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ ചെലവേറിയതുമായ പല മരുന്നുകളും, നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ സുഗമമായി ലഭ്യമാക്കാൻ സർക്കാർ എടുത്ത ശക്തമായ നിലപാടുകളുടെയും ഇടപെടലുകളുടെയും ഫലമായി സാധിച്ചു. നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്നില്ലാത്ത സ്ഥിതി വിശേഷം ഇപ്പോൾ നിലവിലില്ല. |
| സി) | മരുന്നുകൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | സി) | പ്രധാനപ്പെട്ട കമ്പനികളുടെ മരുന്നുകൾ അവരുടെ അംഗീകൃത ഏജൻസികൾ മുഖേന മാത്രമേ ലഭ്യമാക്കൂ. നീതി മെഡിക്കൽ സ്റ്റോറുകളിലേക്കുള്ള മരുന്നുകൾ ഈ അംഗീകൃത ഏജന്റുമാരിൽ നിന്നും വാങ്ങുന്നതിന് കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പരമാവധി സ്വീകരിച്ചിട്ടുള്ളത്. പ്രാദേശികമായി ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ കേന്ദ്രീകൃതമായി വാങ്ങാൻ സാധിക്കാത്തതിനാൽ നിയന്ത്രണങ്ങൾക്ക് വിധേയമായി ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്. |
| ഡി) | ഔഷധങ്ങൾ എത്ര ശതമാനം വില കുറച്ചാണ് നീതി മെഡിക്കൽ സ്റ്റോറുകളിൽ വില്ക്കുന്നത് ; | ഡി) | എം.ആർ.പി.യേക്കാൾ ശരാശരി 12 ശതമാനം മുതൽ 40 ശതമാനം വരെ വിലക്കുറവിലാണ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ഔഷധങ്ങൾ വിൽക്കുന്നത്. |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു; എല്ലാ പഞ്ചായത്തിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 57 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന 233 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 290 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

Rajendran

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 293 23.2.2011- ൽ മറുപടിയ്ക്ക്

### കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹിദ് :<br>ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.വർക്കല കഹാർ:<br>ശ്രീ.എൻ.ശക്തൻ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| (എ) കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൃഷി വകുപ്പിൻെറ കീഴിൽ 6 ഇ.ഇ.സി മാർക്കറ്റുകളും, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങളും സജീവമായി പ്രവർത്തിച്ചുവരുന്നു. ഹോർട്ടികോർപ്പ് നിലവിൽ 110 വിൽപ്പന കേന്ദ്രങ്ങൾ അവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സംസ്ഥാനത്തിൻെറ വിവിധ ജില്ലകളിലായുള്ള 6 ഇ.ഇ.സി മാർക്കറ്റുകളിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>പഴം, പച്ചക്കറി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ഉറപ്പാക്കികൊണ്ടുള്ള കൂട്ടായ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ വിഭാവനം ചെയ്തു നടപ്പാക്കിവരുന്നു. |
| ബി) കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി എവിടെയൊക്കെയാണ് ഇ.ഇ.സി വിപണികൾ ആരംഭിച്ചിട്ടുള്ളത്; | ബി) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആറ് (6) ഇ.ഇ.സി മൊത്തവ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br>1. അർബൻ കാർഷിക മൊത്തവ്യാപാര വിപണി - ആനയറ, തിരുവനന്തപുരം |

ഇത്തരം വിപണികളിൽ എന്തൊക്കെ കർഷക രക്ഷാപദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

2. അർബൻ കാർഷിക മൊത്തവ്യാപാര വിപണി, മരട്, എറണാകുളം

3. അർബൻ കാർഷിക മൊത്തവ്യാപാര വിപണി, വേങ്ങേരി, കോഴിക്കോട്.

4. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, നെടുമങ്ങാട്, തിരുവനന്തപുരം.

5. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, മൂവാറ്റുപുഴ, എറണാകുളം.

6. ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണി, സുൽത്താൻ ബത്തേരി, വയനാട്.

പ്രസ്തുത വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ നേരിട്ടുകൊണ്ടുവന്ന് ലേലം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ 2009-2010 വർഷം മൂവാറ്റുപുഴ, നെടുമങ്ങാട് , വേങ്ങേരി, സുൽത്താൻ ബത്തേരി തുടങ്ങിയ മാർക്കറ്റുകളിലേക്ക് 82.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2010-11 വർഷം 27.50 ലക്ഷം രൂപ വേങ്ങേരി മാർക്കറ്റിനും 30 ലക്ഷം രൂപ സുൽത്താൻ ബത്തേരി മാർക്കറ്റിനും അനുവദിച്ചു. ഇതിനു പുറമേ കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡി നൽകുന്നതിനുവേണ്ടി ആനയറ നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ വിപണികൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

സി) കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന കാലയളവിൽ കർഷകർക്ക് വില സംരക്ഷണം നൽകുന്നതിന് കർഷക രക്ഷാ പദ്ധതിയിൻ കീഴിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

സി) കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധിയെ നേരിട്ട് കർഷകർക്ക് ഒരളവുവരെ ആശ്വാസം പകരുന്നതിന്, കമ്മോഡിറ്റി സേഫ്റ്റി നെറ്റ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നാലു (4) ഹെക്ടർ വരെ കൈവശ ഭൂമിയുള്ള കർഷകരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കുരുമുളക്, അടയ്ക്കാ, ഇഞ്ചി, കൊക്കോ, വാനില, കാപ്പി

തുടങ്ങിയ വിളകളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. മേൽപ്പടി വിളകൾക്ക് ഒരു നിശ്ചിത അളവിൽ താഴെ വിലയിടിയുമ്പോൾ പദ്ധതിയിൽ നിന്നും കർഷകർക്ക് ധനസഹായം അനുവദിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുക കൃഷി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടുതൽ വിളകളെ പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് ഒരു സാങ്കേതിക കമ്മിറ്റി സർക്കാരിന്റെ പരിഗണനയിലാണ്.

ഡി) കാർഷിക പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഡി) അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുന്ന കാര്യം കൃഷിവകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 6 ഇ.ഇ.സി മാർക്കറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഓരോ കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിനും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 294 — 23.02.2011- ൽ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സി.എം.ദിനേശ്മണി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കമോ; | (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ(കേപ്പ്) വൻനേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ ഏറ്റവും അധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന സ്ഥാപനം എന്ന നിലയിലേയ്ക്ക് ഉയർന്നു കഴിഞ്ഞു.<br><br>കൊല്ലം ജില്ലയിലെ പെരുമൺ, കോട്ടയം ജില്ലയിലെ കിടങ്ങൂർ, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കോഴിക്കോട് ജില്ലയിലെ വടകര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ ഓരോ എൻജിനീയറിംഗ് കോളേജും, കൊച്ചിയിലെ കളമശ്ശേരിയിൽ ഒരു മെഡിക്കൽ കോളേജ്, ഒരു നേഴ്സിംഗ് കോഴ്സ്, ഒരു നേഴ്സിംഗ് സ്കൂൾ എന്നിവയും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, ഫിനിഷിംഗ് സ്കൂൾ എന്നി |

സ്ഥാപനങ്ങൾ ഇപ്പോൾ കേപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇവയിലെല്ലാമായി ആകെ 2345 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള ശേഷിയുണ്ട്. സർക്കാർ ഉടമസ്ഥത യിലോ, സ്വകാര്യ ഉടമസ്ഥതയിലോ ഇത്രയധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന ഒരു സ്ഥാപനം നിലവിലില്ല. ആകെയുള്ള സീറ്റുകളിൽ 50% സർക്കാർ ക്വാട്ടയിലും, 35% മാനേജ്മെന്റ് ക്വാട്ടയിലുംവരുന്ന സീറ്റുകൾ ( എം.ബി.എ, ജി.എൻ.എം ഡിപ്ലോമ, ഫിനിഷിംഗ് സ്കൂളിലെ ഹ്രസ്വ കാല പരിശീലന കോഴ്സുകൾ എന്നിവ ഒഴികെ) പ്രവേശന പരീക്ഷ കമ്മീഷണർ/എൽ.ബി.എസ് ആണ് അലോട്ട് ചെയ്യുന്നത്. ബാക്കി വരുന്ന 15% സീറ്റുകളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസ് മാത്രം ഈടാക്കിക്കൊണ്ട് കേപ്പ് നേരിട്ട് പ്രവേശനം നടത്തുന്നു. ഇങ്ങനെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് താങ്ങും തണലുമായി അവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയെടുക്കുന്നതിന് സഹായകരമായ രീതിയിൽ സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന കേപ്പിന് വമ്പിച്ച സംഭാവനയാണ് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നൽകുവാൻ കഴിഞ്ഞത്.

(ബി) പ്രസ്തുത സഹകരണ സംഘത്തിന് കീഴിലുള്ള കൊച്ചി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കേപ്പ് ഒരു സഹകരണ സംഘമല്ല. തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേപ്പ്. ടി സ്ഥാപനത്തിന്റെ കീഴിൽ കൊച്ചിയിലെ കളമശ്ശേരിയിൽ 60 ഏക്കറിലായി സ്ഥിതി ചെയ്യുന്ന കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ

വികസനത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 600 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.ഇവിടെ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോ പീഡിക്സ്, പീഡിയാട്രിക്സ്, ഒബ്സ്റ്റട്രിക് & ഗൈനക്കോളജി, സൈക്യാട്രി, റ്റിബി & റെസ്പിറേറ്ററി രോഗങ്ങൾ, ഡെർമക്കോളജി & വെനറോളജി, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, റേഡിയോ ഡയഗ്നോ സിസ്, അനസ്തേഷ്യോളജി, ഡെന്റിസ്ട്രി, ന്യൂറോളജി, കാർഡിയോളജി, യൂറോളജി, ഓങ്കോളജി, ഫിസിയോ തെറാപ്പി, എന്നീ ചികിത്സാ യൂണിറ്റുകളും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ഐ.സി.യു/സി.സി.യു/എസ്.ഐ.സി.യു/ പി.ഐ.സി.യു /എസ്.എൻ.ബി.യു, ഓപ്പറേഷൻ തിയേറ്റർ, ആധുനിക സൗകര്യങ്ങളുള്ള ലബോറട്ടറീസ്, ഫാർമസി, എക്സ്റേ, സി.റ്റി.സ്കാൻ, ബ്ലഡ് ബാങ്ക്, മോർച്ചറി, ആംബുലൻസ് സർവ്വീസ് എന്നീ വിഭാഗങ്ങളും പ്രവർത്തിച്ചു വരുന്നു. കൂടാതെ 5 ഡയാലിസിസ് യൂണിറ്റുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും വിധം സജ്ജമാക്കിയിട്ടുണ്ട്.

(സി) കൊച്ചി മെഡിക്കൽ കോളേജിന്റെ സാറ്റലൈറ്റ് യൂണിറ്റായി പുന്നപ്രയിൽ ആരംഭിച്ച സഹകരണ ആശുപത്രിയിൽ ഏതെല്ലാം ചികിൽസാ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(സി) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ സാറ്റലൈറ്റ് യൂണിറ്റായ പുന്നപ്ര സഹകരണ ആശുപത്രിയിൽ താഴെ പറയുന്ന ചികിൽസാ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

1. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും ഫാർമസിയും
2. മെഡിസിൻ, സർജറി, ഗൈന ക്കോളജി, ഓർത്തോ, പീഡിയാട്രിക്, ദന്തൽ, ഇ.എൻ.റ്റി, ഒഫ്താൽമോളജി, നെഫ്രോളജി, പീഡിയാട്രിക് സർജറി, പ്ലാസ്റ്റിക് കീ ഹോൾ സർജറി എന്നീ

വിഭാഗങ്ങളിൽ വിദഗ്ധ ചികിൽസ

3. എക്സ്റേ യൂണിറ്റുകൾ, സി.എം. അൾട്രാസൗണ്ട് മെഷീനും കളർ ഡോപ്ളറും
4. അഞ്ച് ഡയാലിസിസ് യൂണിറ്റുകൾ, ഐ.പി. വിഭാഗം, രണ്ട് മേജർ ഓപ്പറേഷൻ തിയേറ്ററുകൾ, ലേബർ സ്യൂട്ട്, ഐ.സി.യു, ആംബുലൻസ് സർവ്വീസ് അടങ്ങുന്ന നൂതന ചികിൽസാ സൗകര്യങ്ങൾ

(ഡി) ഇവിടെ മറ്റ് ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ഡി) പുന്നപ്രയിലെ നിലവിലുള്ള സഹകരണ ആശുപത്രി കെട്ടിടത്തോടനുബന്ധിച്ച് ഹൃദയ ശസ്ത്രക്രിയ, സി.റ്റി.സ്കാൻ, ബ്ലഡ് ബാങ്ക് എന്നിവ രണ്ടു മാസത്തിനകം സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ പുന്നപ്ര എൻജിനീയറിംഗ് കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനം ടി കാമ്പസിൽ നടന്നു വരുന്നു. കേപ്പിന്റെ കീഴിൽ താഴെ പറയുന്ന സ്ഥാപന ങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു.

1. പത്തനാപുരത്ത് എഞ്ചിനീയറിംഗ് കോളേജ്
2. ആറൻമുളയിൽ എഞ്ചിനീയറിംഗ് കോളേജ്
3. കൊച്ചിയിൽ നഴ്സിംഗ് കോളേജ്/ നേഴ്സിംഗ് സ്കൂൾ
4. കൊച്ചിയിൽ നഴ്സിംഗ് കോളേജ്/ നേഴ്സിംഗ് സ്കൂൾ എന്നിവയുടെ ഹോസ്റ്റൽ
5. പുന്നപ്ര ആശുപത്രിയുടെ അനക്സ് ബിൽഡിംഗ്
6. പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് ഹോസ്റ്റൽ
7. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് ഹോസ്റ്റൽ

---

| | | | |
|---|---|---|---|
| (ഇ) | സഹകരണ സംഘത്തിന് കീഴിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഇ) | കേപ്പിന് കീഴിൽ 6 എഞ്ചിനീയറിംഗ് കോളേജുകൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ആധുനിക രീതിയിലുള്ള ലാബുകളും ലൈബ്രറികളും സജ്ജമാക്കിയിട്ടുണ്ട്. പുന്നപ്ര കേന്ദ്രീകരിച്ച് ലൈബ്രറികളുടെ ഇ-റിസോഴ്സ് സിസ്റ്റം തുടങ്ങുന്നതിനുള്ള നോഡൽ സെന്റർ ആയി പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിൽ ആവശ്യമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 295 23.2.2011- ൽ മറുപടിയ്ക്ക്

### തരിശിടുന്ന കൃഷി ഭൂമികളിൽ കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ് :<br>ശ്രീ.എം.ഉമ്മർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പു മന്ത്രി) |
| എ) | കൃഷി ചെയ്യാതെ തരിശിടുന്ന കൃഷിഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ ആലോചിച്ചിരുന്നോ ; | (എ) | ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. |
| ബി) | എങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും പ്രായോഗിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | ബി) | തരിശുഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്ന പദ്ധതി 2011-12 വർഷത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | ഇത്തരത്തിൽ കൃഷിയോഗ്യമായ എത്ര ഏക്കർ കൃഷി നിലങ്ങളാണ് തരിശിട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത് ; | സി) | ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചുവരുന്നു. |
| ഡി) | കർഷകർ തങ്ങളുടെ കൃഷി ഭൂമികൾ തരിശിടുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | ഡി) | ഉണ്ട്.<br>കർഷകർ തങ്ങളുടെ കൃഷി ഭൂമികൾ തരിശിടുന്നതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കർഷകരുടെ മുഖ്യ വരുമാനം കൃഷിയിലൂടെ അല്ലാത്ത അവസ്ഥ.<br>2. ഭൂവുടമ സ്ഥലത്തില്ലാത്ത അവസ്ഥ.<br>3. ഉയർന്ന ഉൽപാദന ചെലവ്.<br>4. തൊഴിലാളികളുടെ യഥാസമയത്തുള്ള ലഭ്യതക്കുറവ്. |

5. കൃഷിക്കനുയോജ്യമായ യന്ത്രങ്ങളുടെ ലഭ്യതക്കുറവ്.
6. കൃഷിയിൽ താൽപര്യമില്ലായ്മ.
7. മറ്റ് സാമൂഹ്യ സാമ്പത്തിക അവസ്ഥ

ഗ്രൂപ്പ് ഫാമിംഗ്/ഗ്രൂപ്പ് മാനേജ്മെൻറ് സമ്പ്രദായം, കാർഷിക യന്ത്രവൽക്കരണം, വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായധനങ്ങൾ തുടങ്ങിയവ മേൽ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവുന്നുണ്ട്. ഇതിനു പുറമേ തരിശിടുന്ന കൃഷിഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പി ലാക്കുന്നതിലൂടെ കൃഷി ഭൂമി തരിശിടുന്ന പ്രവണത കുറയ്ക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 296 | 23.02.2011 ൽ മറുപടിയ്ക്ക്

## ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജെ. ജോസഫ് | ശ്രീ. എ. കെ. ബാലൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നുവെന്നറിയിക്കുമോ;

(എ) ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ ചേർക്കുന്നു.

1) വിവിധ സൗരോർജ്ജ പദ്ധതികളായ
   i) ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻെറ ഗ്രിഡ് കണക്റ്റഡ് പദ്ധതികൾ
   ii) റൂഫ് ടോപ്, ഓഫ് ഗ്രിഡ് പ്രോജക്റ്റുകൾ
   iii) വിദൂര ഗ്രാമവൈദ്യുതീകരണ പരിപാടി

2) ബയോഗ്യാസ് പദ്ധതികൾ

3) സോളാർ-വിൻഡ് ഹൈബ്രിഡ് പദ്ധതികൾ

4) സോളാർ വാട്ടർ ഹീറ്റർ പദ്ധതികൾ

കൂടാതെ സാങ്കേതിക വാണിജ്യ നഷ്ടം 15% ആക്കി കുറയ്ക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-ബി യുടെ നടത്തിപ്പിലൂടെ ഊർജ്ജവിതരണ രംഗത്തെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(ബി) ഈ പദ്ധതികളിലൂടെ എത്ര രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ?

(ബി) ഈ പദ്ധതികളിലൂടെ 363.64 ലക്ഷം രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. കൂടാതെ ആർ.എ.പി.ഡി.ആർ.പി. യുടെ പാർട്ട്-ബി പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 54.16 കോടി രൂപയുടെ കേന്ദ്ര സഹായം ലോണായും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 297.

23.2.2011-ൽ മറുപടിയ്ക്ക്

" തോട്ടങ്ങളുടെ പുനരുദ്ധാരണം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.വി.ജെ.തങ്കപ്പൻ: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ച പാക്കേജിൻെറ അടിസ്ഥാനത്തിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്; | (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പാക്കേജിൽ സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അതനുസരിച്ച് ടീ ബോർഡുവഴി മാനേജ്മെന്റുകൾക്ക് നേരിട്ടാണ് ഈ പാക്കേജ് വഴിയുള്ള സഹായം അനുവദിച്ചിരുന്നത്. ആയതുകൊണ്ട് എത്ര കോടി രൂപാ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം സംസ്ഥാന സർക്കാരിന് ലഭ്യമല്ല. |
| (ബി) തോട്ടം മേഖലയിലെ പ്രതിസന്ധി മൂലം ജോലിയില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്കായി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും -<br>പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ താഴെ പറയുന്ന വിവിധങ്ങളായ ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്;<br>1. സൗജന്യറേഷൻ.<br>2. ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം.<br>3. കുടിവെള്ളം, വൈദ്യുതി.<br>4. ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം. |

5. ആരോഗ്യപരിപാലനം.
6. വിദ്യാഭ്യാസ ധനസഹായം (1-ാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെയുള്ള കുട്ടികൾക്ക്)
7. ഉന്നത വിദ്യാഭ്യാസ ധനസഹായം. (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ)
8. മാരകരോഗം ബാധിച്ചവർക്ക് ധനസഹായം (5,000/-രൂപ മുതൽ 30,000/- രൂപ വരെ)
9. മരണാനന്തര സഹായം ( 10,000/- രൂപ).
10. തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം (10,000/- രൂപ).

മേൽപ്പറഞ്ഞ ആശ്വാസ പ്രവർത്തനങ്ങൾ കൂടാതെ 2007 - ലെ തോട്ടം തൊഴിലാളി ക്ഷേമ ഫണ്ട് സ്കീം പ്രകാരം തോട്ട മേഖലയിൽ പ്രകൃതി ക്ഷോഭം, പകർച്ചവ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000/- രൂപ വീതം സഹായവും നൽകുന്നുണ്ട്.

(സി) ഇപ്പോൾ ഏതെല്ലാം തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത്; ഇവ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

ആർ.ബി.റ്റി ഗ്രൂപ്പിന്റെ കോഴിക്കാനം ടീ എസ്റ്റേറ്റ്, മൗണ്ട് ടീ എസ്റ്റേറ്റ്, തങ്കമല എസ്റ്റേറ്റ് എന്നിവയും പീരുമേട് ടീ കമ്പനിയുടെ പീരുമേട് എസ്റ്റേറ്റ്, ലോൺട്രി എസ്റ്റേറ്റ് എന്നിവയുമാണ് ഇപ്പോൾ അടഞ്ഞുകിടക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 298 — 23.02.2011-ൽ മറുപടിയ്ക്ക്

## കേരളത്തിന് പുറത്തു നിന്നും ലഭിക്കുന്ന വൈദ്യുതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ. രാജൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. കെ. അജിത് | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ദക്ഷിണേന്ത്യയിലെ പുതിയ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതി ലഭിച്ചിട്ടുണ്ടോ ;<br>(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽ എന്തുമാത്രം കുറവാണുണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഇല്ല. കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. ഗാഡ്ഗിൽ ഫോർമുലയുടെ മാനദണ്ഡങ്ങൾ കാലക്രമേണ കേരളത്തിന് പ്രതികൂലമായാണ് കണ്ടുവരുന്നത്. മുമ്പ് കേന്ദ്ര വിഹിതമായി 10-16% വൈദ്യുതി ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 3-8% മാത്രമാണ് ലഭ്യമാകുന്നത്. |
| (സി) കേരളത്തിനുള്ള അൺ അലോക്കേറ്റഡ് വൈദ്യുതി വിഹിതം ലഭിക്കാതായിട്ട് എത്ര കാലമായി എന്നറിയിക്കുമോ ; | (സി) ഡിസംബർ 2006-ൽ 144.48 MW അൺ അലോക്കേറ്റഡ് വിഹിതം ലഭിച്ചിരുന്നത് 2007 ഏപ്രിലോടെ 10 MW ആയി കുറയുകയും 2009ഓടെ അൺ അലോക്കേറ്റഡ് വിഹിതം ഇല്ലാതാവുകയും ചെയ്തു. |
| (ഡി) സംസ്ഥാനത്തിന് എവിടെ നിന്നെല്ലാം ഇപ്പോൾ വൈദ്യുതി ലഭിക്കുന്നുണ്ട് ; ഓരോ സ്ഥലത്തു നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) ദക്ഷിണ മേഖലയിലെ താപവൈദ്യുതി നിലയങ്ങളായ രാമഗുണ്ഡം, എൻ.എൽ.സി. എന്നിവയിൽ നിന്നും ആണവ നിലയങ്ങളായ MAPS, KAIGA എന്നിവയിൽ നിന്നും ഒറീസയിലെ താൽച്ചറിൽ നിന്നും യൂണിറ്റിന് 1.89 രൂപ മുതൽ 3.61 രൂപ നിരക്കിൽ വൈദ്യുതി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

(സി) ഇപ്പോൾ ഏതെല്ലാം തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത്; ഇവ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

5. ആരോഗ്യപരിപാലനം.
6. വിദ്യാഭ്യാസ ധനസഹായം (1-ാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെയുള്ള കുട്ടികൾക്ക്)
7. ഉന്നത വിദ്യാഭ്യാസ ധനസഹായം. (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ)
8. മാരകരോഗം ബാധിച്ചവർക്ക് ധനസഹായം (5,000/-രൂപ മുതൽ 30,000/- രൂപ വരെ)
9. മരണാനന്തര സഹായം ( 10,000/- രൂപ).
10. തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം (10,000/- രൂപ).

മേൽപ്പറഞ്ഞ ആശ്വാസ പ്രവർത്തനങ്ങൾ കൂടാതെ 2007 - ലെ തോട്ടം തൊഴിലാളി ക്ഷേമ ഫണ്ട് സ്കീം പ്രകാരം തോ_ മേഖലയിൽ പ്രകൃതി ക്ഷോ_ഭം, പകർച്ചവ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000/- രൂപ വീതം സഹായവും നൽകുന്നുണ്ട്.

ആർ.ബി.റ്റി ഗ്രൂപ്പിന്റെ കോഴിക്കാനം ടീ എസ്റ്റേറ്റ്, മൗണ്ട് ടീ എസ്റ്റേറ്റ്, തങ്കമല എസ്റ്റേറ്റ് എന്നിവയും പീരുമേട് ടീ കമ്പനിയുടെ പീരുമേട് എസ്റ്റേറ്റ്, ലോൺട്രി എസ്റ്റേറ്റ് എന്നിവയുമാണ് ഇപ്പോൾ അടഞ്ഞുകിടക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.299 23/2/2011-ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആശുപത്രികളുടെ സേവന സൗകര്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി: | ശ്രീ.പി.കെ.ഗുരുദാസൻ<br>(എക്സൈസും തൊഴിലും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. ആശുപത്രികളുടെ സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും പുതിയ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മെച്ചപ്പെട്ട സേവനങ്ങൾ ആണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. ആശുപത്രികളിലെ സേവന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇ.എസ്.ഐ. പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും, അംഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ; | (ബി) ഇ.എസ്.ഐ. പദ്ധതി പ്രകാരം സൗജന്യമായി ചികിത്സ ലഭിക്കുന്ന, എംപാനൽ ചെയ്ത ആശുപത്രികളുടെ ലിസ്റ്റും, ഓരോ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സയുടെ വിവരങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇത്തരം സേവനത്തിന് പ്രതിവർഷ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (സി) ഇല്ല. |

(ഡി) ഇൻഷ്വറൻസ് ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് പോകുന്ന അംഗങ്ങൾക്ക് ജീവനക്കാരിൽ നിന്നും മതിയായ പരിഗണന ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നല്കുമോ ?

(ഡി) ഉണ്ട്. പല ഇ.എസ്.ഐ. സ്ഥാപനങ്ങളിലും, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ, ജീവനക്കാർക്ക് കൂടുതൽ ജോലി ചെയ്യേണ്ടിവരുന്നതിനാൽ ആണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

Sushama S
സെക്ഷൻ ഓഫീസർ

സാമാജികൻ സെക്രട്ടറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : * 300** **23.02.2011-ൽ മറുപടിയ്ക്ക്**

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു** | | **ശ്രീ.എ.കെ.ബാലൻ<br>പിന്നോക്ക പട്ടികസമുദായ<br>ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** | |
| (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ; സ്വയം തൊഴിൽ പദ്ധതികൾക്കായി വായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലായി 536.79 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. വായ്പയുടെ പദ്ധതിതിരിച്ചുള്ള കണക്കും സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശവും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിക്ക് പരമാവധി എത്ര രൂപ വായ്പ അനുവദിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്ക് പരമാവധി ഒരു ലക്ഷം രൂപയാണ് വായ്പയായി അനുവദിക്കുന്നത്. വിശദ വിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. |
| (ഡി) | കോർപ്പറേഷൻ ഇതുവരെ എത്ര പേർക്ക് വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്; വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (ഡി) | 4,873 പേർക്ക് ഇതുവരെ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | ഇല്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഓരോ വിഭാഗത്തിലും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന NBCFDC പദ്ധതികൾ

**1) സ്വയം തൊഴിൽ വായ്പ**

| | | |
|---|---|---|
| പരമാവധി തുക | - | 5 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6 % |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18 നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും |

**2) വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പാ പദ്ധതി ("ന്യൂ സ്വർണ്ണിമ ")**

| | | |
|---|---|---|
| പരമാവധി തുക | - | 50000 രൂപ |
| പലിശ നിരക്ക് | - | 4 % |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18 നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 20000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 27500 രൂപയിൽ താഴെയും |

**3) കാർഷിക വായ്പ**

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6 % |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായ പരിധി | - | 18 നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും |

4) സ്വയം സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ളവർക്ക്)

| | | |
|---|---|---|
| പരമാവധി തുക | - | 5 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 5% |
| തിരിച്ചടവ് കാലാവധി | - | 120 മാസം |
| പ്രായ പരിധി | - | 18-നും 35-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും. നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

5) വിദ്യാഭ്യാസ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ, പ്രതിവർഷം 50000 രൂപ നിരക്കിൽ |
| പലിശ നിരക്ക് | - | 4% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 16-നും 32-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും. നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

6) ലഘു വായ്പ (സർക്കാർ ഇതര സന്നദ്ധ സംഘടനകൾ മുഖേന)

| | | |
|---|---|---|
| പരമാവധി തുക | - | 25000 രൂപ (ഒരു സ്വയം സഹായ സംഘാംഗത്തിന്) |
| പലിശ നിരക്ക് | - | 3% സന്നദ്ധ സംഘടനയ്ക്ക്<br>5% സ്വയം സഹായ സംഘത്തിന് |

## ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന NMDFC പദ്ധതികൾ

1) സ്വയം തൊഴിൽ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 5 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും. നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

2) കാർഷിക വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും. നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

3) വിദ്യാഭ്യാസ വായ്പ

| | | |
|---|---|---|
| പരമാവധി തുക | – | 2 ലക്ഷം രൂപ, പ്രതിവർഷം 50000 രൂപ നിരക്കിൽ |
| പലിശ നിരക്ക് | – | 3% |
| തിരിച്ചടവ് കാലാവധി | – | 60 മാസം |
| പ്രായ പരിധി | – | 16-നും 32-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | – | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും.<br>നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

4) ലഘു വായ്പ (സർക്കാരേതര സന്നദ്ധ സംഘടനകൾ മുഖാന്തിരം)

| | | |
|---|---|---|
| പരമാവധി തുക | – | 25000 രൂപ (ഒരു സ്വയം സഹായ സംഘാംഗത്തിന്) |
| പലിശ നിരക്ക് | – | 2% സന്നദ്ധ സംഘടനയ്ക്ക്<br>5% സ്വയം സഹായ സംഘത്തിന് |

## മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന KSBCDC പദ്ധതികൾ

ദേശീയ കോർപ്പറേഷനുകളുടെ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനു പുറമെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വന്തം ഫണ്ടുപയോഗിച്ച് മതന്യൂനപക്ഷ വിഭാഗങ്ങൾക്കും, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമായി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ

| | | |
|---|---|---|
| പരമാവധി തുക | – | 50000 രൂപ |
| പലിശ നിരക്ക് | – | 8% |
| തിരിച്ചടവ് കാലാവധി | – | 60 മാസം. |
| പ്രായ പരിധി | – | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം. | – | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും.<br>നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

2) വിവാഹ ധനസഹായ വായ്പ

| | | |
|---|---|---|
| പരമാവധി തുക | – | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | – | 6% |
| തിരിച്ചടവ് കാലാവധി | – | 60 മാസം. |
| പ്രായ പരിധി | – | 18-നും 60-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം. | – | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും.<br>നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും. |

3) വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ

| | | |
|---|---|---|
| പരമാവധി തുക | – | 50000 രൂപ |
| പലിശ നിരക്ക് | – | 8.5% |
| തിരിച്ചടവ് കാലാവധി | – | 60 മാസം. |
| പ്രായ പരിധി | – | 18-നും 65-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം. | – | പരിധി ഇല്ല |

4) ഉദ്യോഗസ്ഥർക്കുള്ള ഇരു ചക്ര വാഹന വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 50000 രൂപ |
| പലിശ നിരക്ക് | - | 10% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18-നും 50-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | പരിധി ഇല്ല |

5) ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 50000 രൂപ |
| പലിശ നിരക്ക് | - | 10% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18-നും 50-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | പരിധി ഇല്ല |

6) ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 10.5% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായ പരിധി | - | 18-നും 50-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | പരിധി ഇല്ല |

7) ഇൻസ്റ്റിറ്റ്യൂട്ട് ഫ്രാഞ്ചൈസി ഡെവലപ്മെന്റ് വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 2.5 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8.5% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | 3 ലക്ഷത്തിൽ താഴെ |

8) സുവർണ്ണശ്രീ വായ്പ (വിവിധോദ്ദേശ)

| | | |
|---|---|---|
| പരമാവധി തുക | - | 1,00,000/- രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും<br>നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും |

9) പ്രവർത്തന മൂലധന വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8.5% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും |

10) ഭവനശ്രീ വായ്പ (പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായ പരിധി | - | 18-നും 55-നും ഇടയ്ക്ക് |
| വാർഷിക കുടുംബ വരുമാനം | - | 1 ലക്ഷത്തിൽ താഴെ |

11) വിദ്യാശ്രീ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 75000 രൂപ (പ്രതിവർഷം 25000 രൂപ നിരക്കിൽ) |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| വാർഷിക കുടുംബ വരുമാനം | - | ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും |

സെക്ഷൻ ഓഫീസർ

**കോർപ്പറേഷൻ നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**മറ്റു പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള സ്വയം തൊഴിൽ വായ്പ പദ്ധതിയാണ് കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ളത്.**

**ഒരു പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് വായ്പ അനുവദിക്കുന്നത്. സ്വയം തൊഴിൽ സംരംഭം ഗുണഭോക്താവിന് തിരഞ്ഞെടുക്കാവുന്നതാണ്.**

**വായ്പാ അപേക്ഷ ജില്ലാ ഓഫീസുകളിൽ നിന്നു ലഭിക്കും. അപേക്ഷാ ഫോറത്തിന്റെ വില 10/- രൂപ**

**അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനപരിധി പട്ടണപ്രദേശങ്ങളിൽ 55,000/-രൂപ യിലും ഗ്രാമപ്രദേശങ്ങളിൽ 40,000/- രൂപയിലും താഴെയായിരിക്കണം.**

**അപേക്ഷകന്റെ പ്രായം 18 നും 55 നും മദ്ധ്യേ ആയിരിക്കണം.**

**പരമാവധി വായ്പ 5,00,000/- രൂപ എന്നാൽ 1,00,000/- രൂപക്കു മുകളിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പതുക ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കേന്ദ്ര ഏജൻസികളുടെ അംഗീ കാരത്തിനു വിധേയമായും മാത്രമേ നൽകുകയുള്ളു.**

**പലിശ നിരക്ക് 6%**
**തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ (ഏറ്റവും കുറഞ്ഞ തിരിച്ചടവ് കാ ലാവധി 36 മാസം)**

സെക്ഷൻ ഓഫീസർ

വനിതകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ ചേർക്കും പ്രകാരം വായ്പ അനുവദിക്കുന്നതാണ്.

1) **ന്യൂസ്വർണ്ണിമ വായ്പ - ₹ 50,000/-**

ഗ്രാമപ്രദേശങ്ങളിൽ 20000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 27500 രൂപയിൽ താഴെയും വാർഷിക കുടുംബ വരുമാനമുള്ള വനിതകൾക്ക് ന്യൂസ്വർണ്ണിമ പദ്ധതി പ്രകാരം പരമാവധി 50000 രൂപ 4% പലിശ നിരക്കിൽ നൽകുന്നു. തിരിച്ചടവ് കാലാവധി 60 മാസം. പ്രായ പരിധി 18-നും - 55-നും ഇടയിൽ.

2) **സ്വയം തൊഴിൽ വായ്പ - ₹ 100,000/-**

ഗ്രാമപ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 55000 രൂപയിൽ താഴെയും വാർഷിക കുടുംബ വരുമാനമുള്ള വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം പരമാവധി 500000 രൂപ 6% പലിശ നിരക്കിൽ നൽകുന്നു. തിരിച്ചടവ് കാലാവധി 60 മാസം. പ്രായ പരിധി 18-നും - 55-നും ഇടയിൽ. ഒരു പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയാണ് വായ്പ അനുവദിക്കുന്നത്. എന്നാൽ 1,00,000/- രൂപക്കു മുകളിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പതുക ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കേന്ദ്ര ഏജൻസികളുടെ അംഗീകാരത്തിനു വിധേയമായും മാത്രമേ നൽകുകയുള്ളൂ.

3) **സ്വയം സാക്ഷം - ₹ 500,000/-**

പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ള വനിതകൾക്ക് സ്വയം സാക്ഷം പദ്ധതി പ്രകാരം പരമാവധി 500000 രൂപ 5% പലിശ നിരക്കിൽ നൽകുന്നു. തിരിച്ചടവ് കാലാവധി 120 മാസം. പ്രായ പരിധി 18-നും - 55-നും ഇടയിൽ.

അനുബന്ധം

4,873 പേർക്ക് ഇതുവരെ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ഫണ്ട് ഉപയോഗിച്ചും തനത് ഫണ്ടിൽ (KSBCDC) നിന്നും അനുവദിക്കുന്ന വിദ്യാഭ്യാസ വായ്പയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി (NBCFDC)

1)അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനപരിധി പട്ടണപ്രദേശങ്ങളിൽ 55,000/–രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 40,000/– രൂപയിലും താഴെയായിരിക്കണം.

2)അപേക്ഷകൻ ഏതെങ്കിലും പ്രൊഫഷണൽ ബിരുദ/ബിരുദാനന്തര കോഴ്സിന് പ്രവേശനം നേടിയിരിക്കേണ്ടതാണ്.

ഒരു കോഴ്സിന് പരമാവധി വായ്പാതുക 2,00,000/– രൂപ (പ്രതിവർഷം 50,000/– രൂപ നിരക്കിൽ). രണ്ടാം വാർഷിക ഗഡു മുതലുള്ള വായ്പ ലഭിക്കുന്നതിന് തൃപ്തികരമായി പഠനം നടത്തുന്നു എന്നുള്ള സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പലിശനിരക്ക് 4% തിരിച്ചടവ് കാലാവധി 60 തുല്യ മാസ ഗഡുക്കൾ (തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് 6 മാസത്തിനു ശേഷമോ അല്ലെങ്കിൽ ജോലി ലഭിച്ച് മൂന്നു മാസത്തിനുശേഷമോ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ).

## മത ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി (NMDFC)

1)അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനപരിധി പട്ടണപ്രദേശങ്ങളിൽ 55,000/–രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 40,000/– രൂപയിലും താഴെയായിരിക്കണം.

2)അപേക്ഷകൻ ഏതെങ്കിലും തൊഴിലധിഷ്ഠിത കോഴ്സിന് പ്രവേശനം നേടിയിരിക്കേണ്ടതാണ്.

3)പ്രസ്തുത കോഴ്സ് ആ സ്ഥാപനം 3 വർഷമായി നടത്തിവരുന്നതായിരിക്കണം.
4)സ്ത്രീകൾക്കും അംഗവൈകല്യമുള്ളവർക്കും യുദ്ധത്തിൽ മരിച്ച സൈനികന്റെ വിധവകൾക്കും മുൻഗണന നൽകുന്നതാണ്.

ഒരു കോഴ്സിന് പരമാവധി വായ്പാതുക 2,00,000/– രൂപ (പ്രതിവർഷം 50,000/– രൂപ നിരക്കിൽ). രണ്ടാം വാർഷിക ഗഡു മുതലുള്ള വായ്പ തുക ലഭിക്കുന്നതിന് തൃപ്തികരമായി പഠനം നടത്തുന്നു എന്നുള്ള സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പലിശനിരക്ക് 3% തിരിച്ചടവ് കാലാവധി 60 തുല്യ മാസഗഡുക്കൾ (തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് 6 മാസത്തിനു ശേഷമോ അല്ലെങ്കിൽ ജോലി ലഭിച്ച് മൂന്നു മാസത്തിനുശേഷമോ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ).

1) വിദ്യാശ്രീ വായ്പ (KSBCDC)

ദേശീയ ഏജൻസികളുടെ വിദ്യാഭ്യാസ വായ്പ എല്ലാ കോഴ്സുകൾക്കും അനുവദിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ പ്രകാരം സാദ്ധ്യമല്ലാത്തതിനാൽ അത്തരം കോഴ്സുകൾക്ക് പഠിക്കുന്നവർക്കുവേണ്ടി കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് വിദ്യാശ്രീ വായ്പ നടപ്പിലാക്കിയിട്ടുണ്ട്.

മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും വായ്പ അനുവദിക്കുന്നതാണ്.

അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 40,000/-രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 55,000/- രൂപയിൽ താഴെയും ആയിരിക്കണം.

അപേക്ഷകന്റെ പ്രായം 16 നും 32-നും മദ്ധ്യേയായിരിക്കണം.

പരമാവധി വായ്പാ തുക - 75,000/- രൂപ (പ്രതിവർഷം 25000 രൂപ നിരക്കിൽ)

പലിശനിരക്ക് - 6%

തിരിച്ചടവ് കാലാവധി - 60 മാസം

സെക്ഷൻ ഓഫീസർ